# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി5-2099/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി5-2099/2023 തീയ്യതി: 26/12/2023

## കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2023 | 21-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-12-2023 | 21-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ

ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാ നൗഷാദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സജിത്ത് റ്റി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സത്മ എം. സി. | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| എൽദോ മാർക്കോസ് | കൃഷി ഓഫീസർ(ഇൻ–ചാർജ്) | 28-07-2022 | 05-08-2022 |
| അനിൽ സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ഡോ. മായാ ജെയിംസ് | വെറ്റിനറി സർജൻ | 01-04-2022 | 08-04-2022 |
| ഡോ. ബിനോയ് ജോർജ് | വെറ്റിനറി സർജൻ | 09-04-2022 | 31-03-2023 |
| ഡോ. രാജേഷ് എബ്രഹാം | മെഡിക്കൽ ഓഫീസർ(PHC) | 01-04-2022 | 04-08-2022 |
| ഡോ. വെങ്കിട്ടസ്വാമി ഇ. | മെഡിക്കൽ ഓഫീസർ(PHC) | 04-08-2022 | 31-03-2023 |
| ഡോ. അഞ്ജന എൻ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ചിന്ദു റ്റി. കുട്ടപ്പൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 07-07-2022 |
| പാർവ്വതി വി. ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-07-2022 | 31-03-2023 |
| ലൈലാമോൾ വർഗ്ഗീസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(നെടുംകുന്നം നോർത്ത്) | 01-04-2022 | 31-03-2023 |
| ലൈലാമോൾ വർഗ്ഗീസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(നെടുംകുന്നം സൗത്ത്)-ഇൻ ചാർജ് | 01-04-2022 | 02-01-2023 |
| നിവ്യ ഒ. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(നെടുംകുന്നം സൗത്ത്) | 03-01-2023 | 31-03-2023 |
| അമിതാമോൾ പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-04-2022 |
| റസൽ എം. | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്) | 01-05-2022 | 01-08-2022 |
| അമിതാമോൾ പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 02-08-2022 | 06-08-2022 |
| റസൽ എം. | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്) | 07-08-2022 | 11-09-2022 |
| ഷീനാമോൾ പി. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2022 | 26-10-2022 |
| അക്ഷര എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-10-2022 | 31-03-2023 |
| സോണിയ ഫിലിപ്പ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ദിവ്യാമോൾ ആർ. എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-12-2022 |
| ടോണി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-12-2022 | 31-03-2023 |
| ഹസീന അഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ബിജുകുമാർ ജി. | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ | 01-06-2022 | 26-10-2022 |

| | | | |
|---|---|---|---|
| | ചാർജ് | | |
| ഷോളി ഫിലിപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 18-01-2023 |
| ബിജുകുമാർ ജി. | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ് | 19-01-2023 | 26-01-2023 |
| അഭിലാഷ് പി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 27-01-2023 | 31-03-2023 |
| കണ്ണൻ പി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 09-01-2023 |
| ബ്ലസി ജോഷി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 10-01-2023 | 13-03-2023 |
| പ്രിയമോൾ വി. എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 14-03-2023 | 31-03-2023 |

മെഡിക്കൽ ഓഫീസർ(PHC)- ഡോ. രാജേഷ് എബ്രഹാം 04-08-2022 FN ൽ ചാർജൊഴിയുകയും ഡോ. വെങ്കിട്ടസ്വാമി ഇ. 04-08-2022 AN ൽ ചാർജെടുക്കുകയും ചെയ്തു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | സ്ഥലം വാങ്ങൽ പ്രോജക്ടിന് ചെലവഴിച്ച ഫണ്ട് മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി ക്രമീകരിച്ചില്ല | 1-1-5 |
| 7 | തൊഴിൽ നികുതി/ലൈസൻസ്-അക്രുവൽ ഡിമാന്റ് എൻട്രിക്ക് ആധികാരികമായ ഡേറ്റ സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ജീവനക്കാരുടെ മുൻവർഷ തൊഴിൽ നികുതി തൻവർഷ വരവായി അക്കൗണ്ട് ചെയ്തു | 1-1-7 |
| 9 | OFC പോളുകളുടെ വാർഷിക വാടക ഡേറ്റ തയ്യാറാക്കി ഡിമാന്റ് അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-8 |
| 10 | അക്രുവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-1-9 |
| 11 | Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല | 1-1-10 |
| 12 | ജല അതോറിറ്റിയിൽ നിന്നും മുൻകൂർ നിക്ഷേപം തിരികെ ലഭിച്ചത് നിക്ഷേപത്തിൽ ക്രമീകരിച്ചില്ല | 1-1-11 |
| 13 | ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല | 1-1-12 |
| 14 | ക്ഷീരവികസനം പ്രോജക്ടിൽ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല | 1-1-13 |
| 15 | വികസന ഫണ്ട്(SCSP)യിൽ സ്രോതസ്സിൽ കുറവ് ചെയ്ത വായ്പ തിരിച്ചടവ് അക്കൗണ്ട് ചെയ്തില്ല | 1-1-14 |
| 16 | സർച്ചാർജ് നടപടികളിലൂടെ ഒടുക്കിയ തുക ഓഡിറ്റ് റിക്കവറിയായി അക്കൗണ്ട് ചെയ്തില്ല | 1-1-15 |
| 17 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല | 1-1-16 |
| 18 | ബജറ്റ്-വിശകലനം | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 24 | കാഷ് ബാലൻസിന്റെ പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | കൃഷി ഓഫീസറുടെ രസീത് ബുക്കുകൾ ഡബിൾ സൈഡ് കാർബൺ ഇല്ലാതെ എഴുതി | 1-11 |
| 28 | ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം | 1-12 |
| 29 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റ നികുതി നിർണ്ണയത്തിൽ അപാകത | 1-13 |
| 30 | കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും മേൽത്തരം തറ നിർമ്മിതിയുടെ നികുതി വർദ്ധന വരുത്തിയിട്ടില്ല | 1-14 |
| 31 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-15 |
| 32 | കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-16 |
| 33 | ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-17 |

| | | |
|---|---|---|
| 34 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി | 1-18 |
| 35 | സഹകരണ സ്ഥാപനങ്ങളുടെ ശാഖകളുടെ ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തുന്നില്ല | 1-19 |
| 36 | പഞ്ചായത്ത് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയില്ല | 1-20 |
| 37 | ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല | 1-21 |
| 38 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - പൊതു അപാകതകൾ | 1-22 |
| 39 | പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല | 1-23 |
| 40 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം | 1-24 |
| 41 | വികസന ഫണ്ട്(SCSP) യിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക വായ്പ തിരിച്ചടവായി ക്രമീകരിച്ചില്ല | 1-25 |
| 42 | മൂല്യവർദ്ധിത നികുതി ഇനത്തിൽ 29,365/- രൂപ സർക്കാരിലേക്ക് ഒടുക്കാൻ അവശേഷിക്കുന്നു | 1-26 |
| 43 | 2019-ശമ്പള പരിഷ്കരണ കുടിശിക തുക സർക്കാർ ഉത്തരവ് മറികടന്ന് അനുവദിച്ചു | 1-27 |
| 44 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-28 |
| 45 | പകർച്ച വ്യാധി നിയന്ത്രണ പരിപാടികൾ - ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമായില്ല | 1-29 |
| 46 | പാലിയേറ്റീവ് കെയർ പ്രോജക്ട് - നിരീക്ഷണങ്ങൾ | 1-30 |
| 47 | ലൈഫ് മിഷൻ - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-31 |
| 48 | എസ്.എസ്.എ വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-32 |
| 49 | മാർക്കറ്റിലെ കുഴൽ കിണർ നവീകരണം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 50 | ജലജീവൻമിഷൻ പദ്ധതി -നിലവിലെ അവസ്ഥ സംബന്ധിച്ച് | 1-34 |
| 51 | തൊഴിലുറപ്പ് പദ്ധതിക്ക് മുൻകൂർ നൽകിയതിൽ 11.98 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-35 |
| 52 | നീർതടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24/06/2023 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 03/08/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

#### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല.

**1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല**

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

**1-1-5 സ്ഥലം വാങ്ങൽ പ്രോജക്ടിന് ചെലവഴിച്ച ഫണ്ട് മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി ക്രമീകരിച്ചില്ല**

പ്രോജക്ട് നം.57/23 പ്രകാരം ജൽ ജീവൻ മിഷൻ വാട്ടർ ടാങ്കിന് സ്ഥലം വാങ്ങലിൽ 15 ലക്ഷം രൂപയും 58/23 പ്രോജക്ട് പ്രകാരം വാട്ടർ ടാങ്കിന് സ്ഥലം വാങ്ങലിനുള്ള 4 ലക്ഷം രൂപയും ഉൾപ്പടെ 19 ലക്ഷം പഞ്ചായത്ത് ജലനിധി ഫണ്ടിലെ ചെലവ് റവന്യൂ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തത്. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്നതിനുള്ള ഫണ്ട് മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്യേണ്ടത്.

**1-1-6 തൊഴിൽ നികുതി/ലൈസൻസ്-അക്രുവൽ ഡിമാന്റ് എൻട്രിക്ക് ആധികാരികമായ ഡേറ്റ സാക്ഷ്യപ്പെടുത്തിയിട്ടില്ല**

അക്രുവൽ വരവായ തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ), ലൈസൻസ് എന്നിവയുടെ ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസായ സ്ഥാപന ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ ആധികാരികമാക്കാതെയാണ് പ്രസ്തുത ഡിമാന്റുകൾ അക്കൗണ്ട് ചെയ്തത്.

**1-1-7 ജീവനക്കാരുടെ മുൻവർഷ തൊഴിൽ നികുതി തൻവർഷ വരവായി അക്കൗണ്ട് ചെയ്തു**

ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 1,262,110/- രൂപയാണ് വരുമാനം. 2022-23 തൊഴിൽ നികുതി കളക്ഷൻ പത്രിക പ്രകാരം മുൻവർഷങ്ങളിലെ നികുതി 2022-23 വർഷം ഒടുക്കിയതും തൻവർഷ നികുതിയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി മുൻവർഷത്തേത് Prior Period ആയി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

**1-1-8 OFC പോളുകളുടെ വാർഷിക വാടക ഡേറ്റ തയ്യാറാക്കി ഡിമാന്റ് അക്കൗണ്ട് ചെയ്തിട്ടില്ല**

പഞ്ചായത്തിന്റെ റോഡ് ആസ്തിയിൽ മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ട OFC പോളുകളുടെ വാർഷിക വാടക ഡിമാന്റ് ഡേറ്റ തയ്യാറാക്കി ഡിമാന്റ് അക്കൗണ്ട് ചെയ്തിട്ടില്ല. പോളുകൾ സ്ഥാപിക്കപ്പെട്ട് തൊട്ടടുത്ത വർഷം മുതൽ വാടക ഡിമാന്റ് അക്കൗണ്ട് ചെയ്ത് വാടക ഈടാക്കേണ്ടതായിരുന്നു.

**1-1-9 അക്രൂവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല**

മുൻകൂറായി ലഭിക്കുന്ന അക്രൂവൽ വരവുകളായ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നിവയുടെ തൻവർഷ ക്രമീകരണം ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. 2022-23 വർഷം ക്രമീകരിക്കപ്പെട്ട മുൻകൂർ വരുമാനങ്ങളുടെ കൃത്യത വ്യക്തമല്ല.

**1-1-10 Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല**

വാർഷിക കണക്കുകളിൽ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ വിവരവും മുൻകൂർ വിവരവും വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററായ Advance Register-ൽ മുന്നിരിപ്പ് വിശദാംശം എല്ലാം ക്യാരി ഓവർ ചെയ്തിട്ടില്ല. ഡെപോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ ഫണ്ടിനം, വാർഡ്, പ്രോജക്ട് വിശദാംശം എന്നിവയെല്ലാം മുന്നിരിപ്പിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി Advance Register സൂക്ഷിക്കേണ്ടതായിരുന്നു. 460100199, 460509901, 460500501 ശീർഷകത്തിലുള്ള മുൻകൂറുകൾ ഏതിനത്തിലുള്ളതാണ് എന്ന് വ്യക്തമല്ല.

**1-1-11 ജല അതോറിറ്റിയിൽ നിന്നും മുൻകൂർ നിക്ഷേപം തിരികെ ലഭിച്ചത് നിക്ഷേപത്തിൽ ക്രമീകരിച്ചില്ല**

ജല അതോറിറ്റിയിൽ നിന്ന് പ്രോജക്ട് നടപ്പാക്കാതെ തിരികെ ലഭിച്ച നിക്ഷേപ പ്രവൃത്തിക്കുള്ള മുൻകൂർ തുക 1,068,028/- രൂപ മുൻകൂർ ശീർഷകത്തിൽ(460500201) ക്രമീകരിക്കപ്പെട്ടിട്ടില്ല. മുൻകൂർ രജിസ്റ്ററിന്റെ അഭാവത്തിൽ തുക ഏത് പ്രോജക്ടിന്റേതാണ് എന്നും വ്യക്തമല്ല.

**1-1-12 ജനപ്രതിനിധികളുടെ മാർച്ച്-2023 ഹോണറേറിയം പേയബിൾ ആയി ക്രമീകരിച്ചില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2023 ലെ ഹോണറേറിയവും അലവൻസും തൻവർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനം അക്രൂവൽ എൻട്രിയിലൂടെ Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു.

**1-1-13 ക്ഷീരവികസനം പ്രോജക്ടിൽ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല**

ഗുണഭോക്താവ് പ്രോജക്ടുകൾക്ക് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം ചെലവ് ഡയറി ഫാം ഇൻസ്പക്ടറുടെ പ്രോജക്ട് നം.67/23 പ്രകാരമുള്ള 1,245,970/- രൂപ നേരിട്ടുള്ള ഗുണഭോക്തൃ വിഹിതം ചെലവായി അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ ടി പ്രോജക്ടിന്റെ ആകെ ചെലവ് വാർഷിക പദ്ധതി പ്രകാരം നേരിട്ടല്ലാതെയുള്ള ചെലവായി(Passive Expenditure) ചെലവ് പത്രികയിലും ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലും ഉൾപ്പെട്ടിട്ടില്ല.

**1-1-14 വികസന ഫണ്ട്(SCSP)യിൽ സ്രോതസ്സിൽ കുറവ് ചെയ്ത വായ്പ തിരിച്ചടവ് അക്കൗണ്ട് ചെയ്തില്ല**

KURDFC വായ്പ തിരിച്ചടവ് 413,862/- രൂപ വികസന ഫണ്ട്(SCSP) യുടെ 2022-23 അലോട്ട്മെന്റിൽ ക്രമീകരിച്ചത് വായ്പ തിരിച്ചടവായി അക്കൗണ്ട് ചെയ്തിട്ടില്ല. KURDFC യിൽ പഞ്ചായത്തിനുള്ള കൃത്യമായ ബാധ്യത 31/03/2023 ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.

**1-1-15 സർച്ചാർജ് നടപടികളിലൂടെ ഒടുക്കിയ തുക ഓഡിറ്റ് റിക്കവറിയായി അക്കൗണ്ട് ചെയ്തില്ല**

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം സർച്ചാർജ് നടപടികളിലൂടെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയ 26,360/- രൂപ Prior Period ഇനമായാണ് അക്കൗണ്ട് ചെയ്തത്.

സർച്ചാർജ് നടപടിയിലൂടെ അടവാക്കിയ തനത് ഫണ്ട് തുക Audit Recovery റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

### 1-1-16 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 2.11 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 350100901 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്താ‌യിരുന്നു ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രൂവൽ ചെയ്യുന്നതിലെ അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ IKM-ന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2022 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 30/01/2023 ലെ 7(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 20,481,648/- | 20,241,648/- |
| വരവ് | 187,385,420/- | 214,783,622/- |
| ആകെ | 207,867,068/- | 235,025,270/- |
| ചെലവ് | 192,209,190/- | 220,973,500/- |
| നീക്കിയിരിപ്പ് | 15,657878/- | 14,051,770/- |

പുതുക്കിയ ബജറ്റ് പ്രകാരം 21.48 കോടി രൂപ വരവും 22.1 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 10.87 കോടി രൂപയും ചെലവ് 10.34 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി(Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി

ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2022-23**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 31,140,527/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 39,411,834/- |
| ആകെ | 70,552,361/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 37,324,657/- |
| നീക്കിയിരിപ്പ് (31/03/2023) | 33,227,704/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 108,690,450/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 103,438,107/- |
| പ്രവർത്തന മിച്ചം (Gross Surplus) | 5,252,343/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 4,928,317/- |
| അറ്റ പ്രവർത്തന മിച്ചം (Net Surplus) | 10,180,660/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 411,544/- |

## 1-4 ഗ്രാന്റ് വിനിയോഗം

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ ധനകാര്യ പത്രിക പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17,718,000/- | 17,718,000/- | 15,597,161/- | 2,120,839/- | 88.03 |
| വികസന ഫണ്ട്-SCSP | 0 | 5,959,000/- | 5,959,000/- | 5,583,180/- | 375,820/- | 93.69 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 657,662/- | 2,496,319/- | 3,153,981/- | 2,128,196/- | 1,025,785/- | 67.48 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 3,708,748/- | 3,708,748/- | 1,874,667/- | 1,834,081/- | 50.55 |
| മെയിന്റനൻസ് | 0 | 7,961,000/- | 7,961,000/- | 4,852,892/- | 3,108,108/- | 60.96 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Road | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,266,000/- | 5,266,000/- | 4,553,709/- | 712,291/- | 86.47 |
| ICDS ഫണ്ട് | 7,906/- | 730,050/- | 737,956/- | 395,870/- | 342,086/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 4,110/- | 181,644/- | 185,754/- | 185,754/- | 0 | - |
| Total Santation | 0 | 204,000/- | 204,000/- | 204,000/- | 0 | - |
| Health Grant-1 | 0 | 210,939/- | 210,939/- | 0 | 210,939/- | - |
| Health Grant-2 | 0 | 81,142/- | 81,142/- | 21,790/- | 59,352/- | - |
| ആയുർവേദ ഗ്രാന്റ് | 0 | 500,000/- | 500,000/- | 0 | 500,000/- | - |
| ജലനിധി ഫണ്ട് | 6,883,649/- | 186,861/- | 7,070,510/- | 1,900,000/- | 5,170,510/- | - |
| LIFE State Share | 15,991/- | 440,000/- | 455,991/- | 440,000/- | 15,991/- | - |
| ബ്ലോക്ക് വിഹിതം(R) | 464,029/- | 0 | 464,029/- | 464,029/- | 0 | - |
| ഗുണഭോക്തൃ വിഹിതം | 0 | 1,057,225/- | 1,057,225/- | 1,057,225/- | 0 | - |
| മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 3,000,000/- | 3,000,000/- | 3,000,000/- | 0 | - |

ലൈഫ് മിഷൻ സ്റ്റേറ്റ് വിഹിതം, 320200399 ശീർഷകത്തിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എന്നിവയിലെ മുന്നിരിപ്പ് ഉക മുൻവർഷങ്ങളിൽ ചെലവഴിച്ചത് ക്രമീകരിക്കാതെ തുടർന്നത് തൻവർഷം Prior Period ആയി ക്രമീകരിച്ചത് സെക്രട്ടറി നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 17,718,000/- | ഇല്ല | 17,718,000/- | 234/23-335,800/-<br>235/23-335,800/-<br>247/23-335,800/-<br>236/23-817,001/-<br>248/23-817,002/-<br>ആകെ-2,641,403/- | 15,076,597/- |
| വികസന ഫണ്ട്-SCSP | 5,959,000/- | ഇല്ല | 5,959,000/- | 413,862/- | 5,545,138/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 2,394,000/- | 4,182/-<br>പലിശ-98,137/- | 2,496,319/- | ഇല്ല | 2,496,319/- |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 3,591,000/- | 117,748/- | 3,708,748/- | ഇല്ല | 3,708,748/- |

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 2,859,866/- രൂപയിൽ 2,795,736/- രൂപ 31/03/2023 ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്രഷറി അലോട്ട്മെന്റായി ലഭിച്ച 121,930/- രൂപയിൽ (Untied-4,182/-, Tied-117,748/-) ചെലവഴിക്കാത്ത 64,130/- രൂപയാണ് (Untied-4,182/-, Tied-59,948/-) പഞ്ചായത്തിന് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 98,137/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. വികസന ഫണ്ട്(ജനറൽ) ഫണ്ടിൽ നിന്നും 3,559/- രൂപയുടെ ബിൽ പ്രോജക്ട് നം.25/23 ചെലവിനായി ബിൽ നം.189/13-02-2023 തയ്യാറാക്കിയെങ്കിലും ട്രഷറിയിൽ സമർപ്പിച്ചില്ല. ആയതിനാൽ ടി ബിൽ തുക 3,559/- രൂപയും തൻവർഷം ക്യൂ ബില്ലായ 399/28-03-2023 ബിൽ തുക 45,864/- രൂപയും ഉൾപ്പടെ 49,423/- രൂപയാണ് വികസന ഫണ്ട്(ജനറൽ) നീക്കിയിരിപ്പിൽ കുറവായി പ്രതിഫലിക്കുന്നത്.
4. വികസന ഫണ്ട്(SCSP) യുടെ സ്രോതസ്സിൽ കുറവ് ചെയ്ത 413,862/- രൂപ ജി.ഓ. പ്രോജക്ട് ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല എന്നതിനാൽ ടി ഗ്രാന്റ് ചെലവ് പഞ്ചായത്തിന്റെ ഗ്രാന്റ് പത്രിക, ചെലവ് പത്രിക, ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിക്കുന്നില്ല.
5. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച 47/23 നം. പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് 34,632/- രൂപ 2021-22 വർഷം പിരിച്ചെടുത്തതായിരുന്നു. അക്കൗണ്ടിങ്ങ് അപാകത മൂലം ടി ഗുണഭോക്തൃ വിഹിതം മുന്നിരിപ്പായി അവശേഷിച്ചിരുന്നില്ല എന്നതിനാൽ തനത് ഫണ്ട് ചെലവായിട്ടാണ് ടി പ്രോജക്ടിലെ ഗുണഭോക്തൃ വിഹിതം ചെലവ് ധനകാര്യ പത്രികിയൽ പ്രതിഫലിക്കുന്നത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 17.3.2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(2)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 22സ്പിൽഓവർ പ്രോജക്ടുകളും 162 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 184 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 96267264/- രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ

നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 7.5.22,15.6.22,25.6.22 |
| പദ്ധതി രൂപീകരണ ഗ്രാമസഭ | 12.1.222മുതൽ 16.1.22 |
| വികസനസെമിനാർ | 15.6.2022 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 29.8.22മുതൽ4.9.22 |
| പ്രൊക്യുർമെന്റ് കമ്മിറ്റി | 30.11.22,8.2.23 |
| ഊരുകൂട്ടം | 12.5.22 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 184 പ്രോജക്ടുകളിൽ 136എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 50100636/- രൂപയാണ്. വാർഷിക പദ്ധതി ചെലവ് 52% മാത്രം. പദ്ധതി വിഹിതം വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വേണ്ടത്ര പുരോഗതി ഉണ്ടായില്ല.ആയതിനാൽ 63.17 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാപഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വൻതുകകൾ വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും അത്രയും തുകകൾ ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിരുന്നില്ല. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതി നിർവ്വഹണചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ/ നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| കൃഷി ഓഫീസർ | 5/5 | 1096199 | 1053823 | 96.13 |
| വെറ്ററിനറി സർജൻ | 7/8 | 3965500 | 2840464 | 71.62 |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 6/8 | 1907161 | 1294125 | 67.85 |
| മെഡിക്കൽഓഫീസർ (ആയുർവേദം) | 3/3 | 900000 | 900000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1/1 | 200000 | 28800 | 14.4 |
| വി.ഇ.ഓ | 21/23 | 38192556 | 13986475 | 36.62 |
| ഐ.സി.ഡി.എസ് | 7/10 | 4316050 | 3172120 | 73.49 |
| സെക്രട്ടറി | 29/38 | 18297338 | 11491265 | 62.8 |
| അസി.എഞ്ചിനീയർ | 44/73 | 21187030 | 11306849 | 53.36 |
| ഹെഡ്മാസ്റ്റർ | 5/7 | 1345820 | 950000 | 70.5 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2/2 | 3925940 | 2194186 | 55.88 |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 6/6 | 933670 | 882529 | 94.5 |
| ആകെ | 136/184 | 96267264 | 50100636 | 52 |

**വാർഷികപദ്ധതി വിലയിരുത്തൽ**

വിഇഒ,അസി.എഞ്ചിനീയർ,ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രൊജക്റ്റ് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക്36.62% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വൻതുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ലോൺ, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിച്ച തുകകൾ വളരെ കുറവായതിനാലാണ് വി.ഇ.ഒയുടെ ചെലവ് ശതമാനം കുറയാൻ കാരണമായത്. കൂടാതെ തൻവർഷം വിവിധ റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവർത്തികൾക്കായി തയ്യാറാക്കിയ പ്രൊജക്റ്റുകൾ നടപ്പാക്കാൻ സാധിക്കാത്തത് മൂലം 31ലക്ഷത്തിലധികം രൂപ റോഡ് സംരക്ഷണഗ്രാന്റ് ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി.

**സഞ്ചിതനിധിയിലേയ്ക്ക് 63 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 2120839 |
| വികസന ഫണ്ട്-SCSP | 375820 |
| മെയിന്റനൻസ്ഗ്രാന്റ്-Road | 3108108 |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 712291 |
| ആകെ ലാപ്സായ തുക | 6317058 |

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 74 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 15 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 204 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 204 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 35 പ്രവൃത്തികൾ പൂർത്തിയാക്കി. 72511 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 397 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 113 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 749 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കോൺക്രീറ്റിംഗ് പ്രവർത്തികൾക്കായി തൻവർഷം ചെലവഴിച്ച 1496174 രൂപയിൽ 800000 രൂപ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01/04/2022)** | **3921** | Skilled Labour(DBT) | 1241250 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1031385 | Unskilled Labour(DBT) | 13796293 |
| പലിശ വരവ് | 1314 | Material(DBT) | 4223152 |
| **ആകെ നേരിട്ടുള്ള വരവ്** | **1032699** | **ആകെ DBT ചെലവ്** | **19260695** |
| Skilled Labour | 1241250 | ശമ്പളം | 1323750 |
| Unskilled Labour | 13796293 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 14591 |
| Material | 4223152 | ടെലഫോൺ | 19106 |
| **ആകെ DBT വരവ്** | **19260695** | **ആകെ നേരിട്ടുള്ള ചെലവ്** | **1357447** |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1357447 | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 1031385 |
| മറ്റ് വരവുകൾ | 4000 | **നീക്കിയിരിപ്പ്(31/03/2023)** | 9235 |
| **ആകെ** | **21658762** | **ആകെ** | **21658762** |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം നെടുംകുന്നം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11,520/- | 13 |
| വാർദ്ധക്യകാലപെൻഷൻ | 17,353,400/- | 1755 |
| കർഷകതൊഴിലാളി പെൻഷൻ | 1,891,600/- | 140 |
| വിധവാപെൻഷൻ | 9,070,800/- | 762 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 570,000/- | 23 |
| വികലാംഗപെൻഷൻ | 2,278,800/- | 182 |
| വിവാഹ ധനസഹായം | 60,000/- | 2 |

## 1-8 കാഷ് ബാലൻസിന്റെ പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി നെടുംകുന്നം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ

ജീവനക്കാരുടെ സാന്നിധ്യത്തിൽ 13/12/2023 തീയതിയിൽ 03:00 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 32,108/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.സഹകരണസ്ഥാപനങ്ങളുടെ ശാഖകളിൽ നിന്നും ടേണോവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിയ്ക്കാൻ ആവശ്യമായ നടപടികൾ കൂടി സ്വീകരിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വളരെ നന്നായി പ്രവർത്തിക്കുന്നു എന്ന് വിലയിരുത്താനാവും.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/07/2022 – 26/07/2022 | 01/2022 – 03/2022 | A1/100 /PAU/02/SS തീയതി- 25/05/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/03/2016- 17/03/2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/1 /8A-109 /2018/19/231 തീയതി- 07/06/2018 |

## 1-11 കൃഷി ഓഫീസറുടെ രസീത് ബുക്കുകൾ ഡബിൾ സൈഡ് കാർബൺ ഇല്ലാതെ എഴുതി

2022-23 വർഷം കൃഷി ഓഫീസർ വാർഷിക പദ്ധതി പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം സ്വീകരിച്ച രസീത് ബുക്കുകൾ എഴുതിയതിന് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ എഴുതിയ രസീതുകളുടെ കളക്ഷൻ സംബന്ധിച്ച ആധികാരികത ഉറപ്പാക്കാനാവുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിലുള്ള രസീത് ബുക്കുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. കൃഷി ഓഫീസർ 24494, 24495 രസീത് ബുക്കുകൾ മേൽ ചട്ടം ലംഘിച്ചാണ് വിനിയോഗിച്ചത്. രസീത് മുഖേന പണം ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കയ്യെഴുത്ത് രസീത് നം. | തുക | പഞ്ചായത്തിൽ ഒടുക്കിയ രസീത് | പ്രോജക്ട് നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 24494(1-81) | 5,750/- | 1220105083/01-02-2023 | 128/23 |
| 2. | 24495(1-100)<br>24494(82-100) | 28,125/- | 1220105167/01-02-2023 | 124/23 |

രസീത് കളക്ഷൻ രജിസ്റ്ററും തീയതിക്കനുസരിച്ച് തുടർച്ചയായിട്ടല്ല എഴുതിയിരിക്കുന്നത്. പഞ്ചായത്തിൽ തുക ഒടുക്കിയ രസീതും കളക്ഷൻ രജിസ്റ്ററിൽ പതിച്ചിട്ടില്ല. കളക്ഷൻ രജിസ്റ്ററിൽ 2022-23 വർഷം പിരിച്ച തുകയുടെ സംക്ഷിപ്തം രേഖപ്പെടുത്തി രജിസ്റ്റർ ക്ലോസ് ചെയ്തിട്ടുമില്ല. കയ്യെഴുത്ത് രസീത് എഴുതിയതിലെ ചട്ട ലംഘനത്തിന് മേൽ രസീതുകളുടെ കളക്ഷൻ തുകയായ 33,875/- രൂപയുടെ ആധികാരികത വ്യക്തമാക്കുന്നതിനും കളക്ഷൻ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയ്ക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2022-23/16-12-2023) നൽകിയതിന് മറുപടിയായി രസീത് എഴുതിയ കൃഷി അസിസ്റ്റന്റിന് വിഷയത്തിലുള്ള അറിവില്ലായ്മ മൂലമാണ് അപാകത സംഭവിച്ചത് എന്നും രസീതുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേട് ഒന്നും ഉണ്ടായിട്ടില്ല എന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി.

ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അന്വേഷണം നടത്തി ഗുണഭോക്തൃ വിഹിതം കളക്ഷന്റെ ആധികാരികത ഉറപ്പാക്കി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ കമ്മിറ്റി തീരുമാനം ഉൾപ്പടെ നൽകേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ഗുണഭോക്തൃ വിഹിതം രസീത് കളക്ഷൻ രജിസ്റ്റർ ഓരോ വർഷവും ക്ലോസ് ചെയ്യും സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ വിഹിതത്തിന്റെ കളക്ഷൻ-യൂട്ടിലൈസേഷൻ കണക്കുകളുടെ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയും സൂക്ഷിക്കേണ്ടതാണ്. കയ്യെഴുത്ത് രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകത ഉണ്ടാവാതിരിക്കാൻ രസീത് ബുക്കുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ കൃത്യമായ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

## 1-12 ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം

വിവിധ സേവനങ്ങൾക്കും നികുതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 36866054625 നം. എസ്.ബി.ഐ അക്കൗണ്ടിലേക്കാണ് ലഭ്യമാകുന്നത്. ഓൺലൈൻ പേമെന്റിനായി IKM സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിലേക്ക് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് കാണുന്നു. ഓൺലൈൻ പേമെന്റ് ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 2022-23 വർഷത്തെ വരവിൽ 74,693/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് ലഭിക്കാനുള്ളതായി കാണുന്നു.

സെപ്റ്റംബർ-2023 മാസത്തെ ടി ബാങ്ക് അക്കൗണ്ടിന്റെ റീക്കൺസിലേഷൻ പത്രിക പ്രകാരം 30/09/2023-ൽ 547,739/- രൂപ ഇ-പേമെന്റ് ബാങ്ക് അക്കൗണ്ടിലേക്ക് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന എല്ലാ വരവുകളും കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ അപാകത

പഞ്ചായത്ത് പതിനഞ്ചാം വാർഡിൽ 15/363/B നമ്പരായി 2015-16 പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടം 2022-23 വർഷം ഉടമസ്ഥാവകാശം മാറ്റിയതു മൂലം സപ്ളിമെന്ററി അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്നു. 117.81 ചതുരശ്ര മീറ്ററുള്ള കെട്ടിടത്തെ "100 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചതുരശ്രമീറ്ററിന് 35/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. ടി കെട്ടിടം "100 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം" എന്ന വിഭാഗത്തിൽ 55/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കപ്പെടേണ്ടിയിരുന്നത്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | **നിർണ്ണയിച്ച നികുതി –** | **നിർണ്ണയിക്കേണ്ട നികുതി** | വാർഷിക നികുതിയിൽ |
|---|---|---|---|

| | Plinth Area/നിരക്ക്/ അടിസ്ഥാന നികുതി/ കെട്ടിട നികുതി | Plinth Area/നിരക്ക്/ അടിസ്ഥാന നികുതി/ കെട്ടിട നികുതി | ഉണ്ടായ കുറവ് |
|---|---|---|---|
| 1. ശ്രീനി പി. നായർ അണിയറ, നെടുംകുന്നം (2015-16 മുതൽ 2021-22 വരെ 7 വർഷം) 2. സുരേഷ് കുമാർ & ഭാസ്കരൻ നായർ, തകിടിയേൽ, നെടുംകുന്നം (2022-23) | Plinth Area-117.81 ച.മീ. അടിസ്ഥാന നികുതി 117.81X35=4123.35 10% ഇളവ്, 20% വർദ്ധന എന്നിവയ്ക്ക് ശേഷം നികുതി-4,536/- Library Cess-227/- | Plinth Area-117.81 ച.മീ. അടിസ്ഥാന നികുതി 117.81X55=6479.55 10% ഇളവ്, 20% വർദ്ധന എന്നിവയ്ക്ക് ശേഷം നികുതി-7,128/- Library Cess-357/- | അടിസ്ഥാന നികുതി കുറവ് -2356.2 വാർഷിക നികുതിയിൽ കുറവ്- 2,592/- LC-130/- |

നികുതി നിർണ്ണയത്തിലെ അപാകത മൂലം മേൽ കെട്ടിടത്തിന്റെ വാർഷിക നികുതിയിൽ 2,592/- രൂപയുടെ കുറവുണ്ടായി. 2022-23 വർഷം ഉടമസ്ഥാവകാശ മാറ്റം നടന്നതിനാൽ ശ്രീനി പി. നായർ ഒടുക്കിയ 7 വർഷത്തെ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ 18,144/- രൂപയുടെയും ലൈബ്രറി സെസ്സിൽ 910/- രൂപയുടെയും കുറവുണ്ടായി. 2022-23 വർഷത്തെ കെട്ടിട ഉടമ ഒടുക്കേണ്ട നികുതിയിൽ 2,592/- രൂപയുടെയും ലൈബ്രറി സെസ്സിൽ 130/- രൂപയുടെയും കുറവുണ്ടായി. നികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്തിന് നികുതി നഷ്ടം 31/03/2023 വരെയുള്ളത് 8 വർഷങ്ങളിലേത് 20,736/- രൂപയും ലൈബ്രറി സെസ്സിലെ കുറവ് 1,040/- രൂപയുമാണ്. നികുതി നിർണ്ണയത്തിലെ അപാകതയ്ക്കും അതുമൂലം ഉണ്ടായ നികുതി നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/2022-23/20-12-2023) നൽകിയതിന് ടി കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കുമെന്ന് മറുപടി നൽകി.

മേൽപറഞ്ഞ കെട്ടിടത്തിന്റെ വസ്തുനികുതി 2015-16 പ്രാബല്യത്തിൽ പുനർനിർണ്ണയിക്കേണ്ടതാണ്. 2015-16 മുതൽ 2021-22 വരെയുള്ള നികുതിയിലുണ്ടായ കുറവ് കുടിശിക ഡിമാന്റായി ഉൾപ്പെടുത്തി ശ്രീനി പി. നായർ എന്ന ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. 2022-23 വർഷത്തെ നികുതിയിലുണ്ടായ കുറവ് 2023-24 വർഷം കുടിശിക ഡിമാന്റായി ഉൾപ്പെടുത്തി നിലവിലെ ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. കെട്ടിടത്തിന്റെ പുനർനിർണ്ണയിച്ച നികുതി 2022-23 വരെയുള്ളത് ലഭ്യമായതിന്റെ വിശദാംശവും നികുതി പുനർനിർണ്ണയത്തിന്റെ രേഖകളും ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-14 കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും മേൽത്തരം തറ നിർമ്മിതിയുടെ നികുതി വർദ്ധന വരുത്തിയിട്ടില്ല**

പഞ്ചായത്ത് അഞ്ചാം വാർഡിൽ സ്ഥിതിചെയ്യുന്ന മുഹമ്മദ് അൻസർ, മണ്ണാമ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1000-ൽ അധിക ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് കോംപ്ലെക്സ് വിവിധ നമ്പരുകളായി വിഭജിച്ച് നികുതി നിർണ്ണയം നടത്തിയപ്പോൾ മേൽത്തരം തറനിർമ്മിതിയുടെ

അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും ബാധകമായിട്ടില്ല എന്ന് സഞ്ചയ ഡേറ്റാബേസിൽ കാണുന്നു. 250 ചതുരശ്രമീറ്ററിൽ അധികമായി ഒറ്റ നമ്പരിൽ നികുതി നിർണ്ണയിക്കപ്പെടുന്ന ഭാഗത്തിന് മാത്രമാണ് 15% നികുതി വർദ്ധന കണക്കാക്കി നികുതി നിർണ്ണയിക്കപ്പെടുന്നത്. നികുതി ഡേറ്റാബേസ് പ്രകാരം 200 ചതുരശ്രമീറ്ററിൽ കൂടുതലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സ് ഇനത്തിൽ 75/- രൂപ ചതുരശ്ര മീറ്ററിന് കണക്കാക്കി നികുതി നിർണ്ണയിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | Plinth Area | അടിസ്ഥാന നികുതി ( 75/- ച.മീ-) | റോഡിന്റ് തരം-വർദ്ധന(20%) | തറ നിർമ്മിതി-വർദ്ധന(15%) | ആകെ നികുതി (Rounded) |
|---|---|---|---|---|---|
| 5/179/C | 255.8 | 19185 | 3837 | 2878 | 25900 |
| 5/179/D | 74.88 | 5616 | 1123 | ഇല്ല | 6739 |
| 5/179/E | 32.06 | 2404.5 | 480.09 | ഇല്ല | 2885 |
| 5/179/F | 123.05 | 9228.75 | 1845.75 | ഇല്ല | 11075 |
| 5/179/G | 435.46 | 32659.5 | 6532 | 4899 | 44091 |
| 5/179/H | 24.05 | 1803.75 | 361 | ഇല്ല | 2165 |
| 5/179/I | 10.06 | 754.5 | 151 | ഇല്ല | 906 |
| 5/179/J | 19.48 | 1461 | 292 | ഇല്ല | 1753 |
| 5/179/B | 44.5 | 3337.5 | 667.5 | ഇല്ല | 4005 |
| ആകെ | 1019.34 | 76450.5 | 15289.34 | 7777 | 99519 |

5/179/C, 5/179/G എന്നീ വിഭജനങ്ങൾക്ക് മാത്രമാണ് (691.26 ചതുരശ്ര മീറ്ററിന്) തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധവ് ബാധകമായത്. ബാക്കിയുള്ള 328.08 ചതുരശ്രമീറ്ററിന് പ്രസ്തുത 15% വർദ്ധന ബാധകമായില്ല. 328.08 ചതുരശ്രമീറ്റർ ഭാഗത്തിന്റെ നികുതിയായ 24606 ന്റെ 15% തുക 3,691/- രൂപയുടെ വർദ്ധനവ് കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ ഒഴിവാക്കപ്പെട്ടതായി കാണുന്നു. ഇപ്രകാരം 250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തിന്റെ നികുതി വിഭജിച്ച് നമ്പറിങ്ങ് നടത്തുമ്പോൾ നികുതി വർദ്ധന കൃത്യമായി നൽകാൻ സാധിക്കാത്ത സാഹചര്യം വസ്തുനികുതി ഡേറ്റാബേസിൽ നിലനിൽക്കുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.22/2022-23/21-12-2023) നൽകിയതിന് മറുപടിയായി മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കെട്ടിടത്തിനു മുഴുവനായും നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ ക്രമീകരണങ്ങൾ IKM ന്റെ സഹായത്തോടെ നടത്തിയ ശേഷം ഡേറ്റാബേസിലെ നികുതി വർദ്ധനവ് കൃത്യമാക്കുമെന്ന് അറിയിച്ചു.

ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ അപാകത IKM അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. അതിനു ശേഷം മേൽ കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും 15% നികുതി വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ രേഖാമൂലം മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-15 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

22/03/2023 ല സ.ഉ.(കൈ)നം.77/2023/LSGD, 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി

നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് നെടുംകുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതി 03/06/2023 ലെ 2(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 27/06/2023 ലെ SC3-3020/2023 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ച് 16/09/2023 ലെ 4(3) നം. തീരുമാനത്തിൽ ആംഗീകരിച്ച് 04/10/2023 ൽ SC3-3020/2023 പ്രകാരം അന്തിമ വിജ്ഞാപനം നടത്തി.

വസ്തുനികുതി ഡേറ്റാബേസിൽ 31/03/2023 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി ആകെ നികുതിയുടെ 5% വർദ്ധനവായി അപ്ഡേഷൻ ആയിട്ടുണ്ട്. 01/04/2023 മുതലുള്ള നികുതി നിർണ്ണയം പരിഷ്കരിച്ച സ്ലാബുകൾ പ്രകാരമാണ് നടത്തേണ്ടത്. 2023-24 വർഷത്തെ നികുതി ഡിമാന്റ് ജനറേറ്റ് ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-16 കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല**

നെടുംകുന്നം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ജോസഫ് സ്കറിയ |
| 2. | മനു മാത്യു |
| 3. | ശ്രീരാജ്. എസ്. |
| 4. | സുധീപ് എസ്. |
| 5. | ജോർജ് ജോസഫ് |
| 6. | ജെയ്മോൻ ജെയിംസ് |
| 7. | രാജൻ വർഗീസ് |
| 8. | ആന്റോ ജോബ് |
| 9. | ശ്രീരാം സി. |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23/15-12-2023) നൽകിയതിന് കരാറുകാരുടെ 2022-23 തൊഴിൽ നികുതി നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിൽ അറിയിക്കുമെന്ന് മറുപടി നൽകി. കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Profession Tax റവന്യൂ ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-17 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

2022-23 ലെ സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡി.സി.ബി. പത്രിക പ്രകാരം 25 സ്ഥാപനങ്ങളിൽ നിന്ന് 67,000/- രൂപയാണ് ഡിമാന്റ് ചെയ്തത്. പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ 20-ഓളം സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഡി.സി.ബി. പത്രികയിൽ നിന്ന് വ്യക്തമാകുന്നു. നെടുംകുന്നം ഗ്രാമപഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന നെടുംകുന്നം ജംഗ്ഷൻ, കറുകച്ചാൽ-മണിമല റോഡ് തുടങ്ങിയ ഗ്രാമപഞ്ചായത്ത് പ്രദേശത്തും തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തത്).

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | KLM ആക്സിവ ഫിൻവെസ്റ്റ് ലിമിറ്റഡ്, നെടുംകുന്നം |
| 2. | തുണ്ടത്തിൽ ഡെന്റൽ ക്ലിനിക്, നെടുംകുന്നം |
| 3. | ഗീതാഞ്ജലി ഓഡിറ്റോറിയം, നെടുംകുന്നം |
| 4. | ഡോ. ജ്യോതിഷ് ഹോമിയോ ക്ലിനിക്, നെടുംകുന്നം |
| 5. | ഗയിഡൻസ് അക്കാദമി, നെടുംകുന്നം |
| 6. | ന്യൂ ഇന്ത്യ ഇൻഷുറൻസ് പോർട്ടൽ ഓഫസ്, നെടുംകുന്നം |
| 7. | ഡീ പോൾ ലിൻഗ്വിസ്റ്റിക് കോച്ചിങ്ങ് സെന്റർ, നെടുംകുന്നം |
| 8. | മോഡേൺ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, നെടുംകുന്നം |
| 9. | നെടുംകുന്നം അർബൻ ജനനിധി ലിമിറ്റഡ്, നെടുംകുന്നം |
| 10. | നെടുംകുന്നം റബ്ബർ കർഷക സഹകരണ സംഘം ലിമിറ്റഡ് നം.K-170 |
| 11. | നെടുംകുന്നം റൂറൽ ഹൗസിങ്ങ് സഹകരണ സംഘം ക്ലിപ്തം നം.K-100 |
| 12. | For Arch Designers & Builders, നെടുംകുന്നം |
| 13. | പുളിക്കൽ ഫിനാൻസ് & ഗോൾഡ് ലോൺ, നെടുംകുന്നം |
| 14. | മാക്സ് മിനി ഹബ്, നെടുംകുന്നം |
| 15. | KAIROS Build Tech Builders, നെടുംകുന്നം |
| 16. | സെറ ട്രാവൽസ്, നെടുംകുന്നം |
| 17. | ആൽഫെക്സ് അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ, നെടുംകുന്നം പള്ളി ജംഗ്ഷൻ |
| 18. | സഞ്ജീവനി റീഹാബിലിറ്റേഷൻ സെന്റർ, നെടുംകുന്നം |
| 19. | ബ്ലൂ ഡാർട്ട് കൊറിയർ സർവ്വീസ്, മാന്തുരുത്തി |
| 20. | D&T Event Planners, നെടുംകുന്നം |
| 21. | ഇ-സേവ കേന്ദ്രം നെടുംകുന്നം |
| 22. | RELUX Electric Vehicle Charging Station, നെടുംകുന്നം |
| 23. | Pest End Pest Control Service, നെടുംകുന്നം |
| 24. | സെന്റ് ജോൺ ഓഡിറ്റോറിയം, നെടുംകുന്നം |

| | |
|---|---|
| 25. | ബോഡി ഫിറ്റ് ജിംനേഷ്യം, നെടുംകുന്നം |
| 26. | കൊട്ടാരം ഓഡിറ്റോറിയം, നെടുംകുന്നം |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങൾക്ക് പരമാവധി നികുതിയായ 2,500/- രൂപ നികുതി ചുമത്താവുന്നതായിരുന്നു. അക്രുവൽ ഡിമാന്റ് കണക്കാക്കി ഈടാക്കുന്ന ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി നികുതി ഡിമാന്റ് ചെയ്യാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി നഷ്ടത്തിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23/16-12-2023) നൽകിയതിന് 26 സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുമെന്ന മറുപടി ലഭിച്ചു.

മേൽവിവരിച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ് 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്തിലേക്ക് അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2022-23 നികുതി കുടിശിക ഒടുക്കിയ രസീതുകളും പുതുക്കിയ ഡിമാന്റ് ലിസ്റ്റ്, ഡി.സി.ബി. എന്നിവ ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി**

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 70 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, കൺസൾട്ടൻസികൾ തുടങ്ങി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2022-23 ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തവ).

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം |
|---|---|---|
| 1. | KLM ആക്സിവ ഫിൻവെസ്റ്റ് ലിമിറ്റഡ്, നെടുംകുന്നം | Gold Loan, Deposits Financial Service |
| 2. | തുണ്ടത്തിൽ ഡെന്റൽ ക്ലിനിക്, നെടുംകുന്നം | ദന്താശുപത്രി |
| 3. | ഡോ. ജ്യോതിഷ് ഹോമിയോ ക്ലിനിക്, നെടുംകുന്നം | ഹോമിയോ ആശുപത്രി |
| 4. | ഗയിഡൻസ് അക്കാദമി, നെടുംകുന്നം | കോച്ചിങ്ങ് സെന്റർ |
| 5. | ഡീ പോൾ ലിൻഗ്വിസ്റ്റിക് കോച്ചിങ്ങ് | German Study Centre |

| | | |
|---|---|---|
| | സെന്റർ, നെടുംകുന്നം | |
| 6. | മോഡേൺ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, നെടുംകുന്നം | ദന്താശുപത്രി |
| 7. | നെടുംകുന്നം അർബൻ ജനനിധി ലിമിറ്റഡ്, നെടുംകുന്നം | ധനകാര്യ സ്ഥാപനം |
| 8. | നെടുംകുന്നം റബ്ബർ കർഷക സഹകരണ സംഘം ലിമിറ്റഡ് നം.K-170 | സഹകരണ സ്ഥാപനം |
| 9. | നെടുംകുന്നം റൂറൽ ഹൗസിങ്ങ് സഹകരണ സംഘം ക്ലിപ്തം നം.K-100 | സഹകരണ സ്ഥാപനം |
| 10. | For Arch Designers & Builders, നെടുംകുന്നം | Designers & Construction Company |
| 11. | പുളിക്കൽ ഫിനാൻസ് & ഗോൾഡ് ലോൺ, നെടുംകുന്നം | ഗോൾഡ് ലോൺ, ഫിനാൻസ് |
| 12. | മാക്സസ് മിനി ഹബ്, നെടുംകുന്നം | Passport/PAN/E-Services |
| 13. | KAIROS Build Tech Builders, നെടുംകുന്നം | Designers & Construction Company |
| 14. | ഇ-സേവ കേന്ദ്രം നെടുംകുന്നം | ഇ-സർവ്വീസസ് |
| 15. | കുളങ്ങര മാർജിൻ ഫ്രീ മാർക്കറ്റ്, നെടുംകുന്നം | സൂപ്പർ മാർക്കറ്റ് |
| 16. | നക്കര സൂപ്പർ മാർക്കറ്റ്, നെടുംകുന്നം | സൂപ്പർ മാർക്കറ്റ് |
| 17. | വലിയവീടൻസ് ജ്വല്ലറി, നെടുംകുന്നം | സ്വർണ്ണാഭരണ ജ്വല്ലറി |

പഞ്ചായത്ത് ഓഫീസിന് സമീപം തന്നെ നെടുംകുന്നം ടൗണിൽ പ്രവർത്തിക്കുന്നവയാണ് മേൽപറഞ്ഞ സ്ഥാപനങ്ങൾ. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചായത്ത് ഫണ്ടിന് നികുതി നഷ്ടത്തിന് ഇടയാക്കും. പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനാൽ തനത് വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-23/16-12-2023) നൽകിയതിന് ലിസ്റ്റ് ചെയ്ത 17 സ്ഥാപനങ്ങളിലെ 2022-23 വർഷം ജോലി ചെയ്ത ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുമെന്ന് മറുപടി നൽകി.

മേൽ പട്ടികയിലെ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന ലിസ്റ്റ്(List Of Institutions)

പരിഷ്കരിക്കേണ്ടതാണ്. പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Profession Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകൾ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 സഹകരണ സ്ഥാപനങ്ങളുടെ ശാഖകളുടെ ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തുന്നില്ല

നെടുംകുന്നം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപങ്ങളുടെ ശാഖകളുടെ ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തുന്നില്ല. സ്ഥാപനങ്ങളുടെ പ്രധാന ഓഫീസിൽ നിന്നും എല്ലാ ജീവനക്കാരുടെയും ചേർത്ത് തൊഴിൽ നികുതി ഒടുക്കുമ്പോൾ ശാഖകളെ ഉൾപ്പടെ ഒറ്റ സ്ഥാപനമായി കാണക്കാക്കിയാണ് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തുന്നത്. ക്ഷീര സംഘങ്ങൾക്കും ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശാഖകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സഹകരണ സ്ഥാപനം | ശാഖകൾ |
|---|---|---|
| 1. | ദി നെടുംകുന്നം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ക്ലിപ്തം നം.1301 ഹെഡ് ഓഫീസ്-നെടുംകുന്നം | ദേവഗിരി |
| 2. | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ക്ലിപ്തം നം.1271 ഹെഡ് ഓഫീസ്-പുന്നവേലി | ചേലക്കൊമ്പ്, നടുമണ്ണി നെടുംകുന്നം ടൗൺ, പ്രഭാത-സായാഹ്ന ശാഖ |
| 3. | നെടുംകുന്നം റീജിയണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ക്ലിപ്തം നം.286 | 12-ാം മൈൽ |
| 4. | ക്ഷീരസംഘങ്ങൾ APCOS | ചേലക്കൊമ്പ്, ഇടത്തിനക്കാട്ടുപടി, മാന്തുരുത്തി, നെടുംകുന്നം |

പഞ്ചായത്തിന്റെ സ്ഥാപന ലിസ്റ്റിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശാഖകളുടെ ടേണോവർ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് തനത് നികുതി വരുമാന സ്രോതസ്സുകളെ കൃത്യമായി ഡിമാന്റിൽ ഉൾപ്പെടുത്തുന്നില്ല എന്നതിന് തെളിവാണ്. നികുതി ഡിമാന്റിലെ അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/2022-23/20-12-2023) നൽകിയതിന് മറുപടിയിൽ സഹകരണ സ്ഥാപന ശാഖകളുടെ 2022-23 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്നറിയിച്ചു.

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ശാഖകളുടെ 2022-23 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി 2023-24 വർഷം കുടിശിക ഡിമാന്റായി ഉൾപ്പെടുത്തി അക്രുവൽ ചെയ്ത ശേഷം പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണ്. നികുതി അടവാക്കിയതിന്റെ രേഖകൾ, കുടിശിക ഡി.സി.ബി. എന്നിവ മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയില്ല

2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്ത് ലിസ്റ്റ് ചെയ്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. സ്ഥാപനങ്ങളുടെ പേരും നികുതി ഒടുക്കാത്ത 2022-23അർദ്ധവർഷവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്ത സ്ഥാപനം | 2022-23 അർദ്ധവർഷം |
|---|---|---|
| 1. | പി.ജി.എം. കോളേജ്, നെടുംകുന്നം | I & II |
| 2. | പുതിയപറമ്പിൽ എന്റർപ്രൈസ്, നെടുംകുന്നം | II |
| 3. | റോബിൻ ഗ്രാനൈറ്റ്സ്, നെടുംകുന്നം | I |
| 4. | സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ഹൈസ്കൂൾ, നെടുംകുന്നം | II |
| 5. | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, നെടുംകുന്നം | II |
| 6. | ദേവിവിലാസം ഹോട്ടൽ, നെത്തല്ലൂർ | II |
| 7. | SJ Eye Hospital & Research Centre, നെടുംകുന്നം | II |
| 8. | Holy Family Rubber Products, നെടുംകുന്നം | II |
| 9. | Delhivery Limited Courier Service, നെടുംകുന്നം | I |

ജീവനക്കാരുടെ തൊഴിൽ നികുതി അതാത് സാമ്പത്തിക വർഷത്തെ അക്രൂവൽ ചെയ്യപ്പെടാത്ത വരുമാനമാകയാലും ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാലും പഞ്ചായത്ത് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി സമയബന്ധിതമായി ഒടുക്കാതിരുന്നത് തനത് വരുമാനം നഷ്ടപ്പെടുന്നതിന് ഇടയാക്കും. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2022-23/19-12-2023) നൽകിയതിന് 2022-23 തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരുടെ നികുതി ഈടാക്കി വിശദാംശം റിപ്പോർട്ട് ചെയ്യുമെന്നാണ് അറിയിച്ചത്.

പഞ്ചായത്തിന്റെ സ്ഥാപന ലിസ്റ്റിൽ ഉണ്ടായിരുന്നിട്ടും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതിരുന്ന മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ 2022-23 വർഷം ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകളും കുടിശിക തൊഴിൽ നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റും ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല

നെടുംകുന്നം ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റയായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 15 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ

ലഭ്യമായ 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം 412 ട്രേഡർമാരാണ് ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിലുള്ളത്. 2022-23 ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും IFTEOS ലൈസൻസ് ചട്ട ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കും. ട്രേഡേഴ്സ് ലിസ്റ്റുമായി ബന്ധപ്പെട്ട അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/2022-23/17-12-2023) നൽകിയതിന് വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഡിമാന്റ് ക്രമീകരിക്കുമെന്ന് മറുപടി നൽകി.

പഞ്ചായത്തിന്റെ 15 വാർഡുകളിലെ ട്രേഡേഴ്സിന്റെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റും ട്രേഡർ തൊഴിൽ നികുതി ഡിമാന്റും നിർണ്ണയിച്ച് ലൈസൻസ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ്/ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ട്രേഡർമാരുടെ ലൈസൻസ് ഡിമാന്റ് നടപടികൾ മേൽപറഞ്ഞ വിധം ക്രമീകരിച്ച് അനുബന്ധരേഖകൾ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## 1-22 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - പൊതു അപാകതകൾ

2022-23 വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സ് പ്രകാരം ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്, മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് എന്നീ 2 കെട്ടിടങ്ങളിലായി 23 മുറികളാണുള്ളത്. മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സിലെ 6 മുറികൾ ഉപയോഗശൂന്യമായതിനാൽ 17 മുറികളാണ് വാടകയ്ക്ക് നൽകിയിരുന്നത്. വാടക നടപടികളിൽ നിലനിൽക്കുന്നതും വാടക നിക്ഷേപം സംബന്ധവുമായ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/2022-23/20-12-2023) നൽകി. ഓഡിറ്റ് പരാമർശവും ആയതിന് പഞ്ചായത്ത് നൽകിയ മറുപടിയും താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | അപാകത/ ഓഡിറ്റ് പരാമർശം | ലഭ്യമാക്കിയ മറുപടി/ ന്യൂനത പരിഹാര നടപടി |
|---|---|---|
| 1. | ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയ്ക്ക് നൽകുമ്പോൾ ലൈസൻസികൾ പാലിക്കേണ്ടതും പഞ്ചായത്തിന്റെ നടപടികളും, വ്യവസ്ഥകളും പ്രതിപാദിക്കുന്ന അംഗീകൃത വാടക ബൈലോ നിലവിലില്ല. പഞ്ചായത്ത് ഭരണസമിതി, തദ്ദേശ ഭരണ വകുപ്പ് എന്നീ അതോറിറ്റികളുടെ അംഗീകാരത്തോടെയുള്ള ബൈലോ മുഖേന വാടക നടപടികൾ ക്രമീകരിക്കേണ്ടതായിരുന്നു. | വാടക ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. |
| 2. | വാടക ഡിമാന്റ് രജിസ്റ്ററിലെ ഓരോ പേജുകളിലെയും | വാടക ഡിമാന്റ് രജിസ്റ്ററിലെ ഓരോ പേജും |

| | | |
|---|---|---|
| | വാടക ഒടുക്ക് പോസ്റ്റ് ചെയ്യുന്നതിന്റെ കണക്കുകൾ ടോട്ടൽ ചെയ്ത് ഓരോ മുറിയുടെയും വാടക ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക വേക്കൻസി വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുമെന്ന് അറിയിച്ചു. |
| 3. | 2022-23 വർഷത്തെ വാടക നിക്ഷേപം(Rent Deposit) വിശദാംശം പ്രകാരം മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലെക്സിലെ നാല് കുത്തകക്കാർ(മുറി നം.4/281, 4/297, 4/298, 4/300) വാടക നിക്ഷേപമായി 5,000/- രൂപ വീതം മാത്രമാണ് ഒടുക്കിയിട്ടുള്ളത്. അവരുടെ മാസ വാടക 1000/- മുതൽ 1,500/- രൂപ വരെയാണ്. വാടകയ്ക്ക് ആനുപാതികമായി നിക്ഷേപവും വർദ്ധിപ്പിക്കുന്നില്ല എന്ന് കാണുന്നു. | വാടകയ്ക്ക് ആനുപാതികമായി വാടക നിക്ഷേപം വർദ്ധിപ്പിക്കുമെന്ന് അറിയിച്ചു. |
| 4. | വാടക നിക്ഷേപം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 31/03/2023 ൽ പഞ്ചായത്ത് ലഭ്യമാക്കിയ വാടക നിക്ഷേപ സ്റ്റേറ്റ്മെന്റ് പ്രകാരം 531,966/- രൂപയും 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 516,345/- രൂപയുമാണ്. നിക്ഷേപ തുകയിലെ 15,621/- രൂപയുടെ വ്യത്യാസം വാടക നിക്ഷേപ തുക സ്വീകരിച്ചത് മറ്റ് നിക്ഷേപങ്ങളായി അക്കൗണ്ട് ചെയ്തതിനാലാണോ എന്ന് വ്യക്തമല്ല. | കണക്ക് ശീർഷകം മാറി അക്കൗണ്ട് ചെയ്ത നിക്ഷേപം തുക വാടക നിക്ഷേപമായി ക്രമീകരിച്ച് കണക്കുകൾ കൃത്യമാക്കുമെന്ന് അറിയിച്ചു. |
| 5. | മുൻകാലങ്ങളിൽ കരാറൊഴിഞ്ഞ | മുൻകാലങ്ങളിൽ കരാറൊഴിഞ്ഞ |

| | | |
|---|---|---|
| | ലൈസൻസികളുടെ 59,416/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതായി വാടക നിക്ഷേപ സ്റ്റേറ്റ്മെന്റിൽ കാണുന്നു. എന്നാൽ കുത്തകക്കാർ കരാർ ഒഴിഞ്ഞ കാലയളവ് ലഭ്യമല്ലാത്തതിനാൽ ക്ലെയിം ചെയ്യാത്ത ടി തുക പഞ്ചായത്തിന് മുതൽക്കൂട്ടാൻ സാധിച്ചിട്ടില്ല. | ലൈസൻസികളുടെ നിക്ഷേപ വിശദാംശം പരിശോധിച്ച് കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുമെന്ന് അറിയിച്ചു. |
| 6. | മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സിലെ ഉപയോഗശൂന്യമായ 6 മുറികൾ(4/291 മുതൽ 4/296 വരെ ) നവീകരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടില്ല. | ഉപയോഗശൂന്യമായ മറികൾ പൊളിച്ചുമാറ്റുന്നതിന് അനുമതിക്കായി തദ്ദേശ ഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നൽകിയതായും തുടർനടപടി സ്വീകരിക്കുമെന്നും അറിയിച്ചു. |

വാടക ബൈലോ അടിയന്തിരമായി തയ്യാറാക്കി അംഗീകാരം വാങ്ങി ആധികാരികമാക്കേണ്ടതുമാണ്. ക്രമനം.2 മുതൽ 6 വരെയുള്ള വിഷയങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടി പ്രകാരമുള്ള ന്യൂനതാപരിഹാര നടപടികൾ സ്വീകരിച്ച് അപാകതകൾ പൂർണ്ണമായും പരിഹരിച്ച ശേഷം ബന്ധപ്പെട്ട രേഖകൾ ഉൾപ്പടെ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-23 പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല**

പഞ്ചായത്ത് ഫണ്ടിലേക്ക് വിവിധ കാലങ്ങളിൽ ലഭ്യമായ നിക്ഷേപങ്ങളിൽ ക്ലെയിം ചെയ്യപ്പെടാതെ കാലഹരണപ്പെട്ടവ മുതൽക്കൂട്ടിയതായി കാണുന്നില്ല. വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ ക്ലെയിം ചെയ്യപ്പെടുന്നില്ല എങ്കിൽ ഭരണ സമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു. ഇലക്ഷൻ ഡെപോസിറ്റുകൾ സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെയോ ഇലക്ഷൻ റിട്ടേണിങ്ങ് ഓഫീസറുടെ അനുമതിയോടെയോ മുതൽക്കൂട്ടാവുന്നതാണ്. 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 14.2 ലക്ഷം രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നു. വിവിധ നിക്ഷേപങ്ങളിൽ ആയവ ലഭിച്ച ശേഷം 3-5 വർഷത്തിൽ അധികരിച്ച നിക്ഷേപങ്ങൾ ഉള്ളതായി 2022-23 ഡെപോസിറ്റ് രജിസ്റ്ററിൽ കാണുന്നു. നിക്ഷേപത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിച്ച തീയതി മുതലാണ് പിൻവലിക്കൽ ക്ലെയിം ചെയ്യുക എന്നതിനാൽ നിക്ഷേപ രജിസ്റ്ററിലെ മുന്നിരിപ്പ് വിശദാംശങ്ങളിൽ പ്രോജക്ട് പൂർത്തീകരണ തീയതി ചേർക്കുന്നില്ല എന്നത് കാലഹരണപ്പെടുന്ന തീയതി കൃത്യമായി കണക്കാക്കുന്നതിന് സാധിക്കാതെ വരുന്നു. പഞ്ചായത്ത് ഫണ്ടിലുള്ള കാലഹരണപ്പെട്ട നിക്ഷേപം മുൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാതെ തുടരുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/2022-23 /20-12-2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് കണക്കുകളുടെ മുന്നിരിപ്പ് വിശദാംശം Deposit Register-ൽ

പ്രോജക്ട് പൂർത്തീകരണ തീയതി ഉൾപ്പടെ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഭരണസമിതിയുടെ അനുമതിയോടെ 2023-24 വർഷം തന്നെ മുതൽക്കൂട്ടിയ ശേഷം വിവരം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിക്ഷേപം മുതൽക്കൂട്ടിയ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ്, നിക്ഷേപ രജിസ്റ്ററിലെ രേഖപ്പെടുത്തൽ, നിക്ഷേപം മുതൽക്കൂട്ടിയ ഇടപാടുകളുടെ ജേർണൽ വൗച്ചർ നം./തീയതി എന്നിവ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-24 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ നികുതി/നികുതിയേതര തനത് വരുമാനം വിപുലീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

**വസ്തുനികുതി വരവ്**

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**ബിൽഡിങ്ങ് പെർമിറ്റ്**

ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

**പ്രോഫഷണൽസിന്റെ തൊഴിൽ നികുതി**

സ്വയംതൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ തുടങ്ങിയവരെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ലൈസൻസ് വരവ്**

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്യും. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും IFTEOS ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**വാടക**

പഞ്ചായത്തിന്റെ നെടുംകുന്നം മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലെക്സിലെ 6 മുറികൾ വാടകയ്ക്ക് നൽകാൻ പറ്റാത്ത അവസ്ഥയിൽ ശോചനീയാവസ്ഥയിലാണ് എന്ന് വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സിൽ നിന്നും വ്യക്തമാകുന്നു. മുറികൾ നവീകരിക്കാൻ ഭരണസമിതി തീരുമാനിച്ചെങ്കിലും നടപ്പാക്കിയില്ല. ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ വാടകയ്ക്ക് നൽകാൻ പറ്റുന്ന രീതിയിൽ സജ്ജമാക്കുന്നതിന് ഭരണസമിതി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 വികസന ഫണ്ട്(SCSP) യിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക വായ്പ തിരിച്ചടവായി ക്രമീകരിച്ചില്ല

2022-23 വർഷം നെട്ടംകന്നം ഗ്രാമപഞ്ചായത്തിന്റെ(Local Body Code:G051003) പട്ടികജാതി വിഭാഗം വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാർ തിരിച്ചടയ്ക്കുന്ന KURDFC വായ്പ തുക 413,862/- രൂപ പഞ്ചായത്തിൽ വായ്പ തിരിച്ചടവായി അക്കൗണ്ട് ചെയ്തിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി KURDFC വായ്പ എടുത്തിട്ടില്ല എന്ന കാരണത്താലാണ് വായ്പ തിരിച്ചടവ് ക്രമീകരിക്കാതെ തുടരുന്നത് എന്നാണ് ബന്ധപ്പെട്ട ഫയലിൽ നിന്ന് വ്യക്തമാകുന്നത്. 2020-21, 2021-22 വർഷങ്ങളിലും സർക്കാർ അപ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്ത വായ്പ തിരിച്ചടവ് നടത്തിയത് പഞ്ചായത്ത് ഫണ്ടിൽ ക്രമീകരിച്ചില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാകുന്നു. 31/03/2023 വരെ വായ്പയിൽ ക്രമീകരിക്കാതെ തുടരുന്ന തുകയുടെ വിവരം ബന്ധപ്പെട്ട ഫയൽ പ്രകാരമുള്ള കണക്കുകൾ 2020-21, 2021-22, 2022-23 വർഷങ്ങളിലെ വികസന ഫണ്ട് അലോട്ട്മെന്റ് ഉത്തരവുകളിലേത് ക്രോഡീകരിച്ചത് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വായ്പ തിരിച്ചടവ് SCSP ഫണ്ട് | വായ്പ തിരിച്ചടവ് TSP ഫണ്ട് | ആകെ ക്രമീകരിക്കാനുള്ളത് |
|---|---|---|---|
| 2020-21 | 234,667/- | 29,333/- | 264,000/- |
| 2021-22 | 332,874/- | ഇല്ല | 332,874/- |
| 2022-23 | 413,862/- | ഇല്ല | 413,862/- |
| ആകെ | 981,403/- | 29,333/- | 1,010,736/- |

KURDFC വായ്പ തിരിച്ചടവായി 1,010,736/- രൂപ ഗ്രാന്റ് അലോട്ട്മെന്റിൽ കുറവ് ചെയ്ത് KURDFC യിൽ ഒടുക്കിയതായിട്ടാണ് അലോട്ട്മെന്റ് സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കുന്നത്. ടി അലോട്ട്മെന്റുകളിലെ റിക്കവർ ചെയ്ത തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള കത്തിടപാടുകളാണ് ഫയലിൽ കാണുന്നത്. ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശമോ അനുപ്രകാരമുള്ള തുടർനടപടിയോ 2023-24 വർഷം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/2022-23/18-11-2023) നൽകിയതിന് ഈ വിഷയത്തിൽ തുടർനടപടി വിവരം സർക്കാരിൽ നിന്ന് ലഭ്യമായില്ല എന്നറിയിച്ചു. കൂടാതെ 2023-24 വർഷവും പട്ടികജാതി വികസന ഫണ്ട് അലോട്ട്മെന്റിൽ വായ്പ തിരിച്ചടവ് സ്രോതസ്സിൽ കുറവ് ചെയ്തതായും 2023-24 വർഷം എസ്.സി. ഗുണഭോക്താക്കൾക്ക് 19 ലക്ഷം വായ്പ എടുത്തതിനാൽ മുൻവർഷങ്ങളിലേതുൾപ്പടെയുള്ള വികസന ഫണ്ട്(SCSP) യിൽ നിന്നുള്ള സ്രോതസ്സിൽ കുറവ് ചെയ്ത അലോട്ട്മെന്റ് തുക വായ്പ തിരിച്ചടവായി ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം പഞ്ചായത്തിന്റെ വായ്പ ബാധ്യത തുക 2020-21 വർഷം മുതലുള്ളത് 31/03/2024 ന് മുൻപായിത്തന്നെ ക്രമീകരിക്കേണ്ടതാണ്. KURDFC വായ്പ തിരിച്ചടവ് ക്രമീകരിച്ച് കൃത്യമാക്കിയതിന്റെ വിവരം ബന്ധപ്പെട്ട എല്ലാ അനുബന്ധരേഖകളും ഉൾപ്പടെ മറുപടിയിൽ ലഭ്യമാക്കേണ്ടതും വായ്പ കണക്കുകളുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

**1-26 മൂല്യവർദ്ധിത നികുതി ഇനത്തിൽ 29,365/- രൂപ സർക്കാരിലേക്ക് ഒടുക്കാൻ അവശേഷിക്കുന്നു**

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 29,365/- രൂപ സർക്കാരിലേക്ക് ഒടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിവിധ പ്രോജക്ടുകളിലെ തുക അനുവദിച്ച സമയത്ത് റിക്കവറിയായി അക്കൗണ്ട് ചെയ്യപ്പെട്ട 350200202 ശീർഷകത്തിലെ 5,235/- രൂപയും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായ 350300103 ശീർഷകത്തിലെ 24,130/- രൂപയും ഉൾപ്പടെയാണ് മൂല്യവർദ്ധിത നികുതി(Value Added Tax). ഇന്ത്യയിൽ 01/07/2017 പ്രാബല്യത്തിൽ സംസ്ഥാനത്തെയും കേന്ദ്രത്തിന്റെയും പ്രത്യേക നികുതികൾ സംയോജിപ്പിച്ച് ചരക്ക് സേവന നികുതി(GST) നിലവിൽ വന്നിട്ടുള്ളതാണ്. GST പ്രാബല്യത്തിലായ ശേഷം 5 വർഷം കഴിഞ്ഞിട്ടും മേൽപറഞ്ഞ നികുതി സർക്കാരിലേക്ക് ഒടുക്കി പഞ്ചായത്തിന്റെ ബാധ്യത തീർപ്പാക്കാതെ തുടരുന്നു. കൃത്യമായ Government Dues രജിസ്റ്ററിന്റെ അഭാവത്തിൽ 29,365/- രൂപ മൂല്യവർദ്ധിത നികുതി പഞ്ചായത്തിൽ ലഭിച്ചത്

30/06/2017 വരെയുള്ള ഏത് കാലയളവിൽ ആണ് എന്നും ഏത് പ്രോജക്ടിന്റെ/സേവനത്തിന്റെ ഭാഗമായിട്ടാണ് എന്നും വ്യക്തമല്ല. മൂല്യവർദ്ധിത നികുതി തുക 5 വർഷത്തിലധികമായി സർക്കാരിലേക്ക് ഒടുക്കാതെ പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി തുടരുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2022-23/19-12-2023) നൽകിയതിന് മറുപടിയിൽ മൂല്യവർദ്ധിത നികുതി ഒടുക്കുന്നതിന് GST വകുപ്പിൽ നിന്ന് സ്പഷ്ടീകരണം ലഭ്യമാക്കിയ ശേഷം തുക ഒടുക്കുമെന്ന് അറിയിച്ചു.

മൂല്യവർദ്ധതിത നികുതി പഞ്ചായത്തിൽ അടവാക്കിയ ഉദ്ദേശ്യം വിശദാംശവും കണ്ടെത്തിയ ശേഷം സംസ്ഥാന GST വകുപ്പുമായി ബന്ധപ്പെട്ട് ടി വിഷയത്തിൽ വ്യക്തത വരുത്തി മുൻകാലയളവിലെ നികുതി സർക്കാരിലേക്ക് ഒടുക്കി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കിയ ശേഷം പ്രസ്തുത മൂല്യവർദ്ധതിത നികുതി ഒടുക്കിയ ട്രഷറി ചലാന്റെ പകർപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-27 2019-ശമ്പള പരിഷ്കരണ കുടിശിക തുക സർക്കാർ ഉത്തരവ് മറികടന്ന് അനുവദിച്ചു

10/02/2021 ലെ G.O.(P) No.27/2021/Fin പ്രകാരമുള്ള 07/2019-02/2021 ശമ്പള പരിഷ്കരണ കുടിശിക നാല് ഘട്ടങ്ങളിലായി 2023-24, 2024-25 വർഷങ്ങളിൽ 01/04/2023, 01/10/2023, 01/04/2024, 01/10/2024 തീയതികളിലാണ് ഡ്യൂ ആകുന്നത്. 31-05-22 ന് പഞ്ചായത്ത് അസി.സെക്രട്ടറിയായി വിരമിച്ച ശ്രീമതി. ഹസീന അഹമ്മദിന് നാല് ഗഡു ശമ്പള പരിഷ്കരണ കുടിശിക, ഡി എ കുടിശ്ശിക ഇനങ്ങളിൽ നൽകേണ്ട തുക 106576/- രൂപ സെക്രട്ടറിയുടെ 26.10.2022 ലെ നം 400523/GAEE05/Gen. /2022 /4647 ചെക്ക് നം. 627400/26.10.22 ആയി തൻവർഷം അനുവദിച്ചതായി കാണുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ 106576 രൂപയുടെ കുടിശിക അനുവദിച്ചത് ശമ്പള പരിഷ്കരണ ഉത്തരവിന്റെ ലംഘനമാണ്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/18-12-2023) നൽകിയതിന് 30/04/2021 ലെ G.O.(P) No.73/2021/Fin, 05/05/2021 ലെ G.O.(P) No.70/2021/Fin എന്നീ ഉത്തരവുകളിലെ നിർദ്ദേശ പ്രകാരമാണ് കുടിശിക തീർപ്പാക്കിയത് എന്നറിയിച്ചു. എന്നാൽ ടി ഉത്തരവുകളിൽ മേയ്-2021 വരെ വിരമിച്ചവരുടെ കുടിശിക തീർപ്പാക്കാനാണ് അനുമതി നൽകിയിരിക്കുന്നത്. ശ്രീമതി. ഹസീന അഹമ്മദ് 2022 മേയ് മാസത്തിലാണ് വിരമിച്ചത്. നിലവിലുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിരമിച്ച ജീവനക്കാർക്ക് ശമ്പള പരിഷ്കരണ, ഡി എ കുടിശ്ശിക അനുവദിച്ച സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിയും ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്. (ഇത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും വ്യക്തത വരുത്തിയിട്ടുള്ളതാണ് ).

### 1-28 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 24/23 , പി എച്ച് സി യ്ക്ക് മരുന്ന് വാങ്ങൽ |
| ചെലവ് | 399648 (മെയിന്റനൻസ് ഗ്രാന്റ് (NR)) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , പി എച്ച് സി |

പ്രോജക്ടിന്റെ ഭാഗമായി ബിൽ നം. 02/23.07.22 പ്രകാരം 101789 രൂപ KMSCL ന് നൽകി. എന്നാൽ 96522 രൂപയുടെ മരുന്ന് ലഭിച്ച വിവരമാണ് ഫയലിൽ നിന്ന് ലഭ്യമായത്. ബിൽ നം. 05/29.08.22 പ്രകാരം 60102 രൂപ KMSCL ന് കൈമാറി . ആയതിൽ 59615 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ആകെ 5754 രൂപയുടെ (5267 + 487) മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/18.12.23) ബാക്കി മരുന്ന് ലഭ്യമായിട്ടില്ലെന്ന മറുപടി നൽകി. മരുന്ന് ലഭ്യമാകുന്നതു വരെ ചെലവഴിച്ച 5754 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-29 പകർച്ച വ്യാധി നിയന്ത്രണ പരിപാടികൾ - ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 28/23, പകർച്ച വ്യാധി നിയന്ത്രണ |

| | |
|---|---|
| | പരിപാടികൾ |
| ചെലവ് | 77000 (വികസന ഫണ്ട് ( ജനറൽ)) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , പി എച്ച് സി |

പ്രോജക്ടിന്റെ ഭാഗമായി പുന്നവേലി സബ്സെന്ററിൽ പകർച്ച വ്യാധി ബോധവത്കരണ മെറ്റൽ ബോർഡ് (4 എണ്ണം ) സ്ഥാപിക്കാൻ പെർഫെക്ട് സൈൻ കറുകച്ചാൽ എന്ന സ്ഥാപനത്തിന് ബിൽ നം . 37/29.03.23 പ്രകാരം 29600 രൂപ നൽകി. എന്നാൽ പ്രസ്തുത പർച്ചേസുമായി ബന്ധപ്പെട്ട ക്വട്ടേഷൻ വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. ആയത് സംബന്ധിച്ച (10/18.12.23) നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഒരു ബോർഡിന് 9000/- രൂപയിൽ താഴെയായതിനാലാണ് ക്വട്ടേഷൻ ക്ഷണിയ്ക്കാത്തത് എന്ന് മറുപടി നൽകി. എന്നാൽ ആകെ ബിൽ തുക 29600/- രൂപയായ സാഹചര്യത്തിൽ ക്വട്ടേഷൻ/ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചുതന്നെയായിരുന്നു ബോർഡുകൾ വാങ്ങേണ്ടിയിരുന്നത്. ഭാവിയിൽ വാങ്ങൽ നടപടി ക്രമങ്ങളിൽ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പാലിയേറ്റീവ് കെയർ പ്രോജക്ട് – നിരീക്ഷണങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 25/23 |
| ചെലവ് | 366372 (വികസന ഫണ്ട് (ജനറൽ ) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , പി എച്ച് സി |

1. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി മിനിട്ട്സ് ബുക്ക് പരിശോധനയിൽ പാലിയേറ്റീവ് നേഴ്സിന്റെ കരാർ 2022 ഏപ്രിൽ മുതൽ പുതുക്കി നൽകിയ വിവരം ചേർത്തിട്ടില്ല. കൂടാതെ പാലിയേറ്റീവ് നേഴ്സിന് 04/22 മുതൽ 06/22 വരെയുള്ള ശമ്പളവും നൽകിയിട്ടില്ല. ഇടക്കാല കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പാലിയേറ്റീവ് നേഴ്സ് നിലവിൽ ജോലിയിൽ തുടരുന്നതെന്നും അന്തിമ വിധി ലഭ്യമാകുന്ന മുറയ്ക്ക് കരാർ പുതുക്കുകയും ശമ്പളം നൽകുകയും ചെയ്യുന്നതാണെന്നും 21/12/23 ന് ചേർന്ന എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചു. അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

2. ഡ്രൈവറുടെ മാസ വേതനം അനുവദിക്കുമ്പോൾ പ്രതിമാസ ഹോം കെയറുകളുടെ എണ്ണത്തിലും കൂടുതൽ ദിവസം വേതനം അനുവദിച്ചതായി കാണുന്നു. KMSCL കോട്ടയം ഓഫീസിൽ നിന്ന് മരുന്ന് എടുക്കാൻ പോയ യാത്രയെന്നാണ് ഇത് സംബന്ധിച്ച് സബ് വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം / തീയതി | മാസം | ഹോം കെയർ രജിസ്റ്റർ പ്രകാരം നടത്തിയ ഹോം കെയർ ദിവസങ്ങൾ | തുക അനുവദിച്ച ദിവസങ്ങൾ |
|---|---|---|---|
| 15/22-23/ 23.12.22 | 11/22 | 13 | 15 |
| 74/22-23/ 29.11.23 | 10/22 | 16 | 18 |
| 24/22-23 /17.01.23 | 12/22 | 16 | 18 |
| 28/22-23 /15.02.23 | 01/23 | 16 | 17 |

പാലിയേറ്റീവ് ഇതര പ്രവർത്തനങ്ങൾക്ക് പാലിയേറ്റീവ് ഫണ്ട് ഉപയോഗിക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/18.12.23) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ

അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്ന് പിഎച്ച്സി മെഡിക്കൽ ഓഫീസർ മറുപടി നൽകി. എന്നാൽ പ്രസ്തുത പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കേണ്ടതാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് മാത്രമായി പാലിയേറ്റീവ് ഫണ്ട് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-31 ലൈഫ് മിഷൻ – അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല**

2022-23വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മാണത്തിന് അഡ്വാൻസ് കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ അഡ്വാൻസ് തുക | ബിൽനം./ തീയതി |
|---|---|---|---|
| ലൈഫ് ഭവനനിർമ്മാണം(ജനറൽ) S0045/23 | ഓമനരാജപ്പൻ മാളിയേക്കൽ വാർഡ്3 | 40000 | 298/14.3.23 |
| ലൈഫ് ഭവനനിർമ്മാണം(എസ്.സി) S0233/23 | അനീഷ് കുമാർ.എസ് പാലയ്ക്കൽ പനയ്ക്കവയലിൽ മാന്തുരുത്തി പി.ഒ, നെടുംകുന്നം | 40000 | 196/13.2.23 (18673 പ്ലാൻ ഫണ്ട് ) 197/13.2.23 (21327ബ്ലോക്ക് ഷെയർ) |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.ഭവനനിർമ്മാണം നടത്താത്ത പക്ഷം അഡ്വാൻസിനത്തിൽ നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

**1-32 എസ്.എസ്.എ വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല**

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി എസ്.എസ്.എ. പ്രവർത്തനങ്ങൾക്കായി എസ്.എസ്.കെ,ബി.ആർ.സി കറുകച്ചാലിന് 400,000/-രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | അടങ്കൽഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| S0097/23,എസ്.എസ്.എ.വിഹിതം നൽകൽ(ജനറൽ) | വികസനഫണ്ട്(ജനറൽ) 200000 | 200000 | 87/17.11.22 |
| S0098/23,എസ്.എസ്.എ.വിഹിതം നൽകൽ(എസ്.സി) | വികസനഫണ്ട്(എസ്.സി.പി) 200000 | 200000 | 88/17.11.22 |
| | ആകെ | 400000 | |

എസ്.എസ്.കെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തിയതിന്റെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 400000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-33 മാർക്കറ്റിലെ കുഴൽ കിണർ നവീകരണം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

നെടുംകുന്നം ഗ്രാമപഞ്ചായത്ത് മാർക്കറ്റിലെ കുഴൽ കിണർ മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കുകയും, മോട്ടോർ, പമ്പ്സെറ്റ്, ടാങ്ക് എന്നിവ സ്ഥാപിച്ച് കുടിവെള്ള ലഭ്യത

ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് ഡെവലപ്പിംഗ് ഫീസ് ഉൾപ്പടെയുള്ള തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടാണ് മാർക്കറ്റിലെ കുഴൽ കിണർ നവീകരണം(പ്രോജക്ട് നം.S0178/23)കുഴൽ കിണർ ഡെവലപ്പ് ചെയ്യുന്നതിനാവശ്യമായ ഡെവലപ്പിംഗ്ചാർജായ 5790രൂപ അടവാക്കണമെന്ന ഭൂജലവകുപ്പിന്റെ 5.1.23ലെ ജി.ഡബ്ല്യൂ.കെ/1385/2022 കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തുക അടവാക്കിയിട്ടുണ്ട്.നാളിതുവരെ കുഴൽകിണർ നവീകരണ പ്രവൃത്തികൾ ചെയ്തിട്ടില്ല. ആയതിനാൽ ചെലവഴിച്ച 5790/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ജലജീവൻമിഷൻ പദ്ധതി -നിലവിലെ അവസ്ഥ സംബന്ധിച്ച്

നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ജലജീവൻപദ്ധതിയിലുൾപ്പെടുത്തി ആസൂത്രണം ചെയ്തിരിക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചങ്ങനാശേരി താലൂക്കിൽ നെടുകുന്നം പഞ്ചായത്തിൽ 100 സെന്റ് സ്ഥലം കേരള വാട്ടർ അതോറിറ്റിയ്ക്ക് വേണ്ടി മൂന്നു പഞ്ചായത്തുകളും സംയുക്തമായി വിലകൊടുത്ത് ഏറ്റെടുത്ത് നൽകണമെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.12.21ലെ പിഡികെ/ *എബി2* /532 /2013കത്തിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 45 ലക്ഷം രൂപ ചെലവഴിച്ച് 12ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലശുദ്ധീകരണ ശാല നിർമ്മിക്കാൻ സ്ഥലം വാങ്ങിയിട്ടുണ്ട്. നെടുംകുന്നം ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും15ലക്ഷം (ബിൽ നം.336/18.3.23) രൂപ സ്ഥലം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. കങ്ങഴ, കറുകച്ചാൽ ഗ്രാമപഞ്ചായത്ത് വിഹിതമായി ലഭിച്ച 30ലക്ഷം (ബിൽ നം.337/18.3.23) രൂപയുമുൾപ്പടെ ആകെ 45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

നെടുംകുന്നം ഗ്രാമപഞ്ചായത്തിലേയ്ക്ക് ജലം എത്തിക്കുന്നതിനായി 8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയ്ക്കായി 10 സെന്റ് സ്ഥലം നെടുംകുന്നം ഗ്രാമപഞ്ചായത്തിലെ വീരൻമലയിൽ 400000 (ബിൽ നം.436/31.3.23) രൂപയ്ക്ക് തനത് ഫണ്ട് വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. നിലവിൽ ടി സ്ഥലങ്ങൾ 10.4.23 ൽ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ടി സ്ഥലങ്ങളിൽ ജലശുദ്ധീകരണ ശാലയും, വാട്ടർടാങ്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/19.12.23)മറുപടിയായി വാട്ടർ അതോറിറ്റിയിൽ നിന്നും തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ വർക്ക് ടെണ്ടർ ചെയ്ത് നൽകിയിട്ടുള്ളതും,പ്രസ്തുത പ്രവൃത്തിയുടെ കോൺട്രാക്ടർക്ക് 4.9.2023 ൽ വർക്ക് ഓർഡർ നൽകിയിട്ടുള്ളതും, കോൺട്രാക്ടറുമായി എഗ്രിമെന്റ് ചമച്ചിട്ടുള്ളതാണെന്നും വാട്ടർ അതോറിറ്റി അറിയിച്ചു. നിലവിൽ മണ്ണ് പരിശോധന കഴിഞ്ഞ് ജലശുദ്ധീകരണശാലയുടെയും, ഉപരിതല ജലസംഭരണിയുടെയും ബിൽഡിംഗിന്റെ ഘടനാപരമായ ഡ്രോയിംഗ് വർക്കുകൾ പുരോഗമിക്കുന്നുവെന്നും, ഉടനെ തന്നെ നിർമാണപ്രവൃത്തികൾ ആരംഭിക്കുന്നതാണെന്നും അറിയിച്ചു. ജലശുദ്ധീകരണ ശാലയുടെയും, ഉപരിതല ജലസംഭരണിയുടെയും നിർമ്മാണ പ്രവൃത്തികളുടെ തുടർ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് നിരീക്ഷിക്കേണ്ടതും, തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതിക്ക് മുൻകൂർ നൽകിയതിൽ 11.98 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 1,198,405/- രൂപ തൊഴിലുറപ്പിന് അഡ്വാൻസ് നൽകിയത് ക്രമീകരിക്കാനുണ്ട്. മുൻവർഷങ്ങളിലേതുൾപ്പെടെ തൊഴിലുറപ്പിന് നൽകിയ മുൻകൂറുകൾ മതിയായ അലോട്ട്മെന്റ് ലഭ്യമാക്കി ക്രമീകരിക്കാതെ തുടരുന്നതാണ് 12 ലക്ഷത്തോളം മുൻകൂർ അവശേഷിക്കാൻ കാരണം. പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിക്കാൻ മതിയായ തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി നിലനിൽക്കുന്ന മുൻകൂർ തുക മുഴുവനായും 2023-24 വർഷം തന്നെ ക്രമീകരിക്കാനുള്ള

തുടർനടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിലുറപ്പിന് നൽകുന്ന മുൻകൂർ 460500801 ശീർഷകത്തിൽ നേരിട്ട് ചെലവായി അക്കൗണ്ട് ചെയ്യാതെ പേയബിൾ ആയി ക്രമീകരിച്ച ശേഷമാണ് തൊഴിലുറപ്പ് അക്കൗണ്ടിലേക്ക് നൽകുന്നത്. നേരിട്ട് ചെലവായി അക്കൗണ്ട് ചെയ്യാത്തതിനാൽ തൊഴിലുറപ്പ് മുൻകൂർ നൽകുന്നത് റസീപ്റ്റ് & പേമെന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. പഞ്ചായത്തിൽ നിന്നും നൽകുന്ന മുൻകൂറുകൾ എല്ലാം മുൻകൂർ ശീർഷകത്തിൽ നിന്ന് തന്നെ നേരിട്ട് ചെലവായി അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-36 നീർതടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം എംജിഎൻആർഇജിഎസ് പദ്ധതി പ്രകാരം വിവിധ നീർതടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപരിപാലനത്തിനായി 197117 രൂപ ചെലവഴിച്ചിട്ടുണ്ട്.ഫയൽ പരിശോധനയിൽ വൃക്ഷത്തൈകൾ നടുക എന്ന പ്രവൃത്തി മാത്രമെ നടന്നതായി കാണുന്നുള്ളൂ. തൈകളുടെ പരിപാലനത്തിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ആയതിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. 29-5-2018 ലെ സർക്കുലർ നം പിഎസ് 2/288/2018/തസ്വഭവ പ്രകാരം നടപ്പാക്കേണ്ടിയിരുന്ന ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ നടപ്പാക്കിയിട്ടില്ല.

1. ഓരോ ഗ്രാമപഞ്ചായത്തിലും വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെ ചുമതലപ്പെടുത്തേണ്ടതാണ്. അയൽക്കൂട്ട അംഗങ്ങൾക്കുള്ള കൂലി വൃക്ഷത്തൈകളുടെ അതിജീവനത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. 75%ൽ താഴെ മാത്രം അതിജീവനമുള്ള സാഹചര്യത്തിൽ കൂലിയ്ക്ക് അർഹതയുള്ളതല്ല.

2. ഓരോ അയൽക്കൂട്ടത്തിനും നൽകുന്ന/പരിപാലനചുമതലയുള്ള വൃക്ഷത്തൈകൾ സംബന്ധിച്ച വാർഡ്തലത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

3. വൃക്ഷത്തൈകളുടെ അതിജീവനം ഓരോമാസവും ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിങ് സംവിധാനം വാർഡ് മെമ്പർ അദ്ധ്യക്ഷനും എഡിഎസ് സെക്രട്ടറി കൺവീനറുമായി രൂപീകരിക്കേണ്ടതാണ്.

4.വൃക്ഷത്തൈകളുടെ അതിജീവനം ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനറുമായ ഒരു മോണിറ്ററിങ് സമിതി രൂപീകരിക്കേണ്ടതാണ്

5. വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമായതും ആയതിന്റെ വിശദാംശങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്.

വൃക്ഷത്തൈ നടീലും പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പാക്കുന്നതാണെന്ന് എൻക്വയറി നം. (21/20-12-23) ന് എൻ ആർ ഇ ജി എ എൻജിനീയർ മറുപടി നൽകി. വൃക്ഷത്തൈകളുടെ പരിപാലനം ഉറപ്പു വരുത്താൻ ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 13/12/2023, 14/12/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 3,195,883/- രൂപയും വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 2,237,253/- രൂപയും ലഭിച്ചിട്ടുണ്ട്. കറുകച്ചാൽ, കങ്ങഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 15 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ മറ്റ് പഞ്ചായത്തുകളുടെ വിഹിതമായി ലഭിച്ചു. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിമയം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 100,000/- | ലൈഫ് മിഷൻ – ഭവന നിർമ്മാണം (പട്ടികജാതി) (44/23) | 100,000/- | 0 |
| | 457,253/- | ലൈഫ് മിഷൻ സ്ഥലം വാങ്ങൽ ഭവനനിർമ്മാണം പട്ടികജാതി (233/23) | 457,253/- | 0 |
| | 100,000/- | അതിദാരിദ്ര്യ മൈക്രോപ്ലാൻ വീട് മെയിന്റനൻസ് ജനറൽ (231/23) | 100,000/- | 0 |
| | 940,000/- | ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ (45/23) | 940,000/- | 0 |
| | 100,000/- | അങ്കണവാടി പോഷകാഹാരം (23/23) | 100,000/- | 0 |
| | 100,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (133/23) | 190,000/- | 0 |
| | 350,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 350,000/- | 0 |

| | | | | |
|---|---|---|---|---|
| | | (66/23) | | |
| | **2,237,253/-** | **ആകെ ബ്ലോക്ക് വിഹിതം** | **2,237,253/-** | **0** |
| കോട്ടയം ജില്ല പഞ്ചായത്ത് | 160,000/- | ലൈഫ് മിഷൻ സ്ഥലം വാങ്ങൽ ഭവനനിർമ്മാണം പട്ടികജാതി (233/23) | 160,000/- | 0 |
| | 259,667/- | ലൈഫ് മിഷൻ ഭവനനിർമ്മാണം - പട്ടികവർഗ്ഗം (62/23) | 259,667/- | 0 |
| | 1,200,000/- | ലൈഫ് മിഷൻ ഭവനനിർമ്മാണം - മൂന്നാം ഘട്ടം (59/23) | 1,200,000/- | 0 |
| | 1,112,000/- | ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ (45/23) | 1,112,000/- | 0 |
| | 100,000/- | അങ്കണവാടി പോഷകാഹാരം (23/23) | 100,000/- | 0 |
| | 100,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (133/23) | 100,000/- | 0 |
| | 264,216/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (66/23) | 264,216/- | 0 |
| | **1,484,998/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **1,484,998/-** | **0** |
| മറ്റ് ഗ്രാമ പഞ്ചായത്ത് | 3,000,000/- | ജൽജീവൻ മിഷൻ വാട്ടർ പ്ലാന്റിന് സ്ഥലം വാങ്ങൽ (57/23) | 3,000,000/- | **0** |

ജില്ല-ബ്ലോക്ക് വിഹിതങ്ങൾ വിനിയോഗിച്ച പ്രോജക്ടുകൾ എല്ലാം റവന്യൂ ചെലവുകളാണ്. പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പ്രോജക്ട് ചെലവ് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. കറുകച്ചാൽ, കങ്ങഴ ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായ 30 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ ശേഷമാണ് സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടിൽ ചെലവഴിച്ചത്.

**4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് ഭൂജല വകുപ്പിൽ (Ground Water Department-GWD) സെക്രട്ടറിയുടെ പ്രോജക്ട് പ്രകാരം 5,790/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. പ്രോജക്ട് വിശദാംശം താഴെ പട്ടികയിൽ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| ഭൂജല വകുപ്പ് (GWD) | മാർക്കറ്റിലെ കുഴൽക്കിണർ നിർമ്മാണം (178/23) | 5,790/- | ഇല്ല | 5,790/- |
| | ആകെ GWD-യിൽ | 5,790/- | - | 5,790/- |

നിക്ഷേപ പ്രവൃത്തിക്ക് GWD-യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുക കുഴൽക്കിണർ ആസ്തിയായി ക്രമീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 പഞ്ചായത്ത് 3.2 ലക്ഷം രൂപ KURDFC യിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. വായ്പ മുന്നിരിപ്പ്, വായ്പ തിരിച്ചടവിനായി വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്തത് എന്നിവയുടെ വിശദവിവരം പഞ്ചായത്തിലെ ലോൺ രജിസ്റ്റർ പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | 01/04/2022-തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2022-23 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | 31/03/2023 തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | സ.ഉ.(സാധാ) 6105/2019/ധന 01/08/2018 | 6,442,765/- | 320,000/- | 1,634,003/- | - | 5,128,762/- |

വികസന ഫണ്ട് (General) ഫണ്ടിന്റെ 2022-23 വർഷത്തെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത 1,634,003/- രൂപ മാത്രമാണ് വായ്പ തിരിച്ചടവായി ജി.ഓ. പ്രോജക്ടിലൂടെ അക്കൗണ്ട് ചെയ്ത് ക്രമീകരിച്ചത്. വികസന ഫണ്ട് (SCSP)-യിൽ സ്രോതസ്സിൽ കുറവ് ചെയ്ത 413,862/- രൂപ വായ്പ തിരിച്ചടവായി ക്രമീകരിച്ചിട്ടില്ല. മുൻവർഷങ്ങളിലുൾപ്പടെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക വായ്പയിൽ കുറവു ചെയ്യാതെ തുടരുന്ന അപാകത പ്രത്യേക ഖണ്ഡികയായി വിശദീകരിച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം സ്ഥിരനിക്ഷേപ(Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,298,503/- |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക(ആരംഭിച്ച നിക്ഷേപം) | ഇല്ല |
| തൻവർഷം ലഭിച്ച പലിശ(മുതലിൽ ചേർത്ത് പുതുക്കി) | 157,357/- |
| ആകെ | 2,455,860/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,455,860/- |

ലഭ്യമാക്കിയ FD രസീതുകൾ പ്രകാരം The Nedumkunnam Regional Service Co-Operative Bank Ltd No.286 ബാങ്കിൽ രണ്ട് സ്ഥിരനിക്ഷേപങ്ങളും(അക്കൗണ്ട് നം.14871, 15916) Nedumkunnam South Service Co-Operative Bank Ltd No.1271 ലെ നെടുംകുന്നം പ്രഭാത സായാഹ്ന ശാഖയിൽ രണ്ട് സ്ഥിരനിക്ഷേപങ്ങളും(അക്കൗണ്ട് നം.882, 967) ഉൾപ്പടെ ആകെ നാല് സ്ഥിരനിക്ഷേപ അക്കൗണ്ടുകളുണ്ട്. 2022-23 വർഷത്തെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | 01/04/2022 മുന്നിരിപ്പ് | 2022-23 നിക്ഷേപം | ആകെ നിക്ഷേപം | 2022-23 പിൻവലിച്ചത് | 31/03/2023 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 1. | 14871 | 6.75 % | 678,644/- | 45,808/- | 724,452/- | ഇല്ല | 724,452/- |
| 2. | 15916 | 7 % | 441,765/- | 30,924/- | 472,689/- | ഇല്ല | 472,689/- |
| 3. | 882 | 6.75 % | 736,330/- | 49,702/- | 786,032/- | ഇല്ല | 786,032/- |
| 4. | 967 | 7 % | 441,764/- | 30,923/- | 472,687/- | ഇല്ല | 472,687/- |
| **ആകെ നിക്ഷേപം** | | | **2,298,503/-** | **157,357/-** | **2,455,860/-** | **-** | **2,455,860/-** |

പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപ രജിസ്റ്റർ ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകൾ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്ന രീതിയിലല്ല സൂക്ഷിക്കുന്നത്. രജിസ്റ്ററിൽ നിക്ഷേപ വിവരം പലിശ ചേർത്ത് പുതുക്കുന്ന തീയതിയിൽ എഴുതിപ്പോരുകയാണ് ചെയ്യുന്നത്. സ്ഥിരനിക്ഷേപ രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷവും നിക്ഷേപ കണക്കുകൾ ചേർക്കേണ്ടതും വർഷവസാനം കണക്കുകൾ ക്രോഡീകരിച്ച് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ഓഡിറ്റ് റിക്കവറിയായി തൊഴിൽ നികുതിയിനത്തിൽ 31,640/- രൂപയും സർച്ചാർജ് നടപടികളുടെ ഫലമായി 26,360/- രൂപയും മുൻവർഷ ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള 2022-23 ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 2015-16<br>2016-17 | ഭാഗം-2 | 16,080/-<br>തൊഴിൽ നികുതി | ജീവനക്കാരുടെ തൊഴിൽ നികുതി | - |
| 2. | 2014-15<br>2015-16 | ഭാഗം-2 | 15,080/-<br>തൊഴിൽ നികുതി | സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള നികുതി | - |
| 3. | 2015-16 | ഭാഗം-2 | 480/- | കോൺട്രാക്ടർമാരുടെ | - |

| | | | | | |
|---|---|---|---|---|---|
| | | | തൊഴിൽ നികുതി | തൊഴിൽ നികുതി | |
| 4. | 2020-21 | 3-1 | 26,360/- ഓഡിറ്റ് നിരാകരണം (തനത് ഫണ്ട്) പ്രോജക്ട് നം.169/21 | മിനി ജോസഫ്, ഈയകുളം, നെടുംകുന്നം(ഗുണഭോക്താവ്) (സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് മുഖേന) | 1220102522/ 22-09-2022 |

ക്രമ നം.4 സർച്ചാർജ് നടപടികളിലൂടെ ഈടാക്കിയ 26,630/- രൂപ 190200401-Prior Period Income-Other Incomes ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. സർച്ചാർജ് നടപടികൾ തുടങ്ങിയ ശേഷം ഗുണഭോക്താവ് അടവാക്കുന്ന തുക തനത് ഫണ്ട് തുക 180400301-Recovery From Others-Audit Recovery എന്ന റവന്യൂ ശീർഷകത്തിലായിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. അക്കൗണ്ടിങ്ങ് അപാകത തുടർവർഷങ്ങളിൽ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

നെടുംകുന്നം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2012-13 | 4-4-1 | പൊങ്ങൻപാറ ജലസേചന പദ്ധതി-ആവിഷ്കരണത്തിൽ അപാകത-പദ്ധതി തുക പാഴ്ചെലവായി | നിയമസഭ സമിതി (2016-19) യുടെ 6-ാമത് റിപ്പോർട്ട് ഖ.42- പദ്ധതി നടത്തിപ്പിൽ സംഭവിച്ച ഗുരുതരമായ വീഴ്ച പഞ്ചായത്ത് ഡയറക്ടർ അന്വേഷണം നടത്തി മേൽനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണം. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-8 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2019-20 | 1-30 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസറുടെ പ്രോജക്ട്- മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. | നിയമസഭ സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-21 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരം ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹിച്ച പ്രോജക്ട് നം.169/21 ലെ തനത് ഫണ്ട് നഷ്ടമായി നിരാകരിച്ച 26,360/- രൂപ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം സർച്ചാർജ് നടപടികൾക്ക് ശുപാർശ ചെയ്തിരുന്നു. 2022-23 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചതിന്റെ ഫലമായി 26,360/- രൂപ 22-09-2022 ലെ 1220102522/G051003 നം. രസീത് പ്രകാരം മിനി കെ. ജോസഫ്, ഈയകുളം എന്ന ഗുണഭോക്താവ് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് തനത് ഫണ്ടിനുണ്ടായ നഷ്ടം നികത്തിയത് പരിഗണിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11-01-2023 ലെ കെ.എസ്.എ./സ്പെ സെൽ/സി.എം.സി/സി13/4582/2022 നം. കത്ത് പ്രകാരം 2020-21 ഓഡിറ്റ് റിപ്പോർട്ടിലെ 3-1 ഖണ്ഡികയിൻമേലുള്ള സർച്ചാർജ് നടപടികൾ ഒഴിവാക്കിയിട്ടുണ്ട്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 70,552,361/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 37,324,657/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 108,690,450/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 103,438,107/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 411,544/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

വ്യക്തമായ നഷ്ടം ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 5,754/- | ഡോ. രാജേഷ് എബ്രഹാം, മെഡിക്കൽ ഓഫീസർ(PHC) |
| 1-32 | 400,000/- | സോണിയ ഫിലിപ്പ്, ഹെഡ്മിസ്ട്രസ് |
| 1-33 | 5,790/- | സജിത്ത് റ്റി., സെക്രട്ടറി |
| **ആകെ** | **411,544/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നം. 1-17, 1-18, 1-19, 1-20

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/12/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി5-1549/2016(7)/30-12-2017 | 01 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(6)/2022/27-08-2022 | 01 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(4)/2022/27-08-2022 | 03 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(7)/2022/27-08-2022 | 03 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1182(9)/2022/05-08-2022 | 05 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1182(10)/2022 /27-08-2022 | 02 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(9)/2022 /27-08-2022 | 01 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(11)/2022 /27-08-2022 | 01 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/1873(12)/2022 /27-08-2022 | 01 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5-2565/2022 /18-04-2023 | 20 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി5-91/2023 /27-05-2023 | 20 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 24-06-2023 and submitted on 03-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nedumkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nedumkunnam Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Nedumkunnam Grama Panchayat for the Year 2022-2023 .

**1.Major Observations**

1.General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contriobution of curent year are not available.

3.Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated upto 31/03/2023.

**2.Other Observations**

1.Detailed Capital-Revenue expenditure split up of Grants utilised in 2022-23 annual plan has not disclosed

.

2.Jalanidhi Fund value of 19 Lakhs Rupees utilised for Land Purchase projects accounted as Revenue expenditure instead of Capital expenditure.

3.Accrual demands of Profession Tax (Institution/Traders) and License Fees for the year not based on Authorised database/Certified Register.

4.Employess Profession Tax for the previous year remitted in 2022-23 accounted in Profession Tax(Employees) account head instead of Prior Period Tax.

5.Demand data for Installed OFC Poles Rent has not prepared and because of that accrual demand for 2022-23 has not made.

6.The adjustment of advance accrual income(Profession Tax and License) received for the year 2022-23 has not posted and certified in corresponding demand registers.

7.Opening balance details of Advances outstanding as on 01/04/2022 has not carried over in 2022-23 Advance Register.

8.Advance amount of 1,068,028/- in Kerala Water Authority for deposit works refunded due to non execution of work has not adjusted in Advance head of account (460500201).

9.Honararium for the month of March-2023 of Elected Representatives are not accounted as liability in payable head of account during 2022-23.

10.Directly utilised beneficiary contribution of Diary Development project(No.67/23) in annual plan 2022-23 has not accounted and because of this omission it was not reflected in I & E Statement.

11.KURDFC Loan amount repayment of 413,862/- made as source recovery from Development Fund(SCSP) allotment during 2022-23 has not accounted as per AFS.

12.Own fund loss of Rs. 26,360/- recovered through surcharge proceedings by State Audit Department accounted in Prior Period Income head instead of Audit Recovery Revenue head.

13.Accrual accounting of contingent expenditures for the year done in a single liability account head even though proper accounting heads are available.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്